കഥാചന്ദ്രിക.

എറണാകുളം സെൻറ് മേരീസ് സി. വൈ. എം. എ.-യുടെ
ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്നത്.

പുസ്തകം ൩. | ഫൻപ്പ് സെപ്റ്റമ്പർ. | ലക്കം ൫.

മംഗളം.

സാരം പാരമെഴും കഥാനിരു മഹ-
ത്സമ്പൂതശാനപ്രജം,
പാരം ഭക്തിദമായ്വാക്യനിവഹം,
സാഹിത്യ സൂനങ്ങളും
ക്ഷീരം പോലൊഴുകുന്ന ഭാഷയിലഹോ!
ബാലക്ക നൽകുന്നപൊ.
ന്നാര "ചന്ദ്രിക" ഭീഷ്മനാളവനിയിൽ
രാജിക്കണേ ദൈവമെ!!!

ജോസഫ് ജി. പള്ളിപ്പാടൻ (ഇടപ്പള്ളി)

മൂന്നാ വയസ്സു തുടങ്ങുന്നു.

'കഥാചന്ദ്രിക' യ്ക്കു ഇന്നു—സെപ്റ്റമ്പർ മൂ-ാംനു—രണ്ടു വയസ്സു തികഞ്ഞു; മൂന്നാം വയസ്സിൽ പ്രവേശിക്കയും ചെയ്യുന്നു. രണ്ടുവയസ്സു ഒരു മനുഷ്യായുസ്സിൽ വളരെ ഉചിതമായ ഭാഗമാണു്. എങ്കിലും ഒരു ശിശു

വിന്റെ ആയുസ്സിൽ അതു വലിയൊരു ഭാഗം തന്നെ; എന്നല്ല, അതു വളരെ പ്രധാനമായ ഭാഗവുമാകുന്നു. ഒരു ശിശു രണ്ടു കൊല്ലം യാതൊരു അരിഷ്ടതയും കൂടാതെ സുഖമായി ജീവിക്കയും രക്ഷകർത്താക്കന്മാരിൽ അവശേഷം ഉൾക്കണ്ണു ജനിപ്പിക്കാതിരിക്കയും ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഭാവി ആശാജനകമാണെന്നു് സകാരണം അനുമാനിക്കാം.

'ചന്ദ്രിക' കേരളീയകത്തോലിക്ക ലോകത്തിലെ ഇതര പത്രമാസികകളെ അപേക്ഷിച്ചു് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയ പ്രസിദ്ധീകരണമാണല്ലൊ. ബാലികാബാലന്മാർ സംഖ്യകൊണ്ടും സ്ഥാനംകൊണ്ടും മനുഷ്യ കുടുംബത്തിലെ ഗണ്യമായ ഒരു വിഭാഗമാണു്. ആ കുടുംബത്തിലെ ബാക്കി അംഗങ്ങളിൽ ഭൂരിപക്ഷവും, പ്രായം കൊണ്ടല്ലെങ്കിലും മനസ്ഥിതികൊണ്ടു് എന്നും കുട്ടികളായിത്തന്നെയിരിക്കും. ഈ രണ്ടു തരം അംഗങ്ങളുടെയും ജീവിതത്തിൽ പരിഷ്കരണം വരുത്തിയെങ്കിൽ മാത്രമേ മനുഷ്യകുടുംബം മുഴുവനും പരിഷ്കാരത്തെ പ്രാപിക്കയുള്ളൂ. പ്രായത്തിലും പഠിപ്പിലും കേവലം ബാല്യസ്ഥിതിയിലിരിക്കുന്ന ഇവരുടെ മനസ്സിനെ ആകർഷിക്കുന്നതിനും അതിൽ പ്രവേശിച്ചു അതിനെ സംസ്കരിക്കുന്നതിനും ജ്ഞാനസമ്പത്തുകൊണ്ടു നിറക്കുന്നതിനും ശക്തിയുള്ളതു് കഥകൾക്കാണു്. അതിനാൽ കഥാരൂപേണ ജ്ഞാനം നൽകുന്ന ഒരു പ്രസിദ്ധീകരണം നമ്മുടെയിടയിൽ അത്യന്താപേക്ഷിതമായിരുന്നു. ആ വാസ്തവം ഗ്രഹിച്ചും ആ ആവശ്യം യഥാശക്തി നിർവഹിക്കാൻ വേണ്ടിയുമാണു് കഥാചന്ദ്രികയുടെ പ്രസിദ്ധീകരണം ആരംഭിച്ചതു്.

ഞങ്ങളുടെ നോട്ടം പിഴച്ചില്ലെന്നും, ശ്രമം ഫലമുള്ളതാണെന്നും ഇക്കഴിഞ്ഞ രണ്ടു കൊല്ലങ്ങളിലെ അനുഭവം കൊണ്ടു ബോദ്ധ്യമായി. 'ചന്ദ്രിക' യെ വന്ദ്യ വൈദിക മേലദ്ധ്യക്ഷന്മാർ അനുഗ്രഹിച്ചു; ബ. വൈദികർ ആദരിച്ചു; പത്രാധിപന്മാർ പ്രശംസിച്ചു; പൊതുജനം സ്വീകരിച്ചു; കേരളത്തിൽ കത്തോലിക്കരുടെ ഗൃഹങ്ങളിലും, കത്തോലിക്ക വിദ്യാലയങ്ങളിലും, കന്യകാമഠങ്ങളിലും, എന്നുവേണ്ട വിദേശങ്ങളിൽ പാർക്കുന്ന കേരളീയരുടെ വസതികളിലും അതിനു സപ്രചാരം പ്രവേശനം സിദ്ധിക്കയുമുണ്ടായി. ഉദ്ദേശങ്ങൾ കൊണ്ടുതുടങ്ങിയതു ക്രമേണ നടപ്പായിത്തുടരുകയും, ഒടുവിൽ രംഗത്തിൽ എത്തുകയും ചെയ്തിരിക്കുന്നു. അപ്രകാരംതന്നെ അതിന്റെ വരിക്കാരുടെ സംഖ്യ അഞ്ഞൂറായിരുന്നതു ദിനംപ്രതി വർദ്ധിച്ചു രണ്ടായിരം തികഞ്ഞിരിക്കുന്നു.

സപ്രുപചനാക്കം വിഗ്രഹാരാധനയല്ല.

'ചന്ദ്രിക'യുടെ പ്രസിദ്ധീകരണം ഒരു ധനാഗമമാർഗ്ഗമല്ല; ഒരു പ്രേഷിതവൃത്തിയാണ്. "ഹരംശോ പലതും കഥാരൂപേണ പഠിപ്പിച്ചു." ഹരംശോയുടെ ആ ഉപദേശങ്ങൾ കഥാരൂപേണ തന്നെ പരത്തണമെന്നല്ലാതെ ഭാരവാഹികൾക്ക് വേറെ ഉദ്ദേശമില്ല. എങ്കിലും ധനന്യായം കൂടാതെ ഇഹത്തിൽ യാതൊരു സൽക്കാര്യവും നിർവ്വഹിക്കാൻ സാധിക്കയില്ലല്ലൊ. "ത്രേസ്യയെക്കൊണ്ടു തനിച്ചു ഒന്നും സാധിക്കയില്ല; ത്രേസ്യയും ദൈവവും കൂടിയാൽ പലതും സാധിക്കും; ത്രേസ്യയും ദൈവവും പണവും കൂടിയാൽ സമസ്തവും സാധിക്കും" എന്നു ത്രേസ്യാപുണ്യവതി പറഞ്ഞിട്ടുള്ളതായി കേട്ടിട്ടുണ്ട്. ഇതിന്റെ അർത്ഥം ദൈവത്തിനു അസാദ്ധ്യമായി എന്തെങ്കിലും ഉണ്ടെന്നല്ല; ദൈവപരിപാലനയുടെ സാധാരണ രീതിയനുസരിച്ചുള്ള ലോകഗതിയിൽ ഏതു കാര്യം നടത്തുന്നതിനും പണം ആവശ്യമാകുന്നു എന്നാണ്. അഞ്ചൽ ശിപായി മാസിക കൊണ്ടുചെന്നു വരിക്കാരുടെ ഗൃഹത്തിൽ കൊടുക്കുന്നു. എന്നാൽ അതു ആ രൂപത്തിൽ വരിക്കാർക്കു കിട്ടുന്നതു പലേ കരങ്ങളിലും യന്ത്രങ്ങളിലും കൂടി കടക്കുകയും, അവിടെയെല്ലാം വളരെ പണം വാരികൊടുക്കയും ചെയ്തതിനു ശേഷമാണ്. മദിരാശിയിലെ കമ്പനികളിൽ കിടക്കുന്ന കടലാസുവിലയും വാഹനക്രൂലിയും മറ്റും കൊടുത്തു ഇവിടെ വരുത്തണം; അച്ചടിശാലയിലെ പെട്ടികളിൽ കിടക്കുന്ന അച്ചുകൾ അനേകമാളുകൾ അനേകദിവസം മുഷിഞ്ഞിരുന്നു തിരിഞ്ഞെടുത്തു നിരത്തണം; കടലാസു പാകപ്പെടുത്തി എടുത്തു അനേകദിവസത്തെ വേലചെയ്തു അച്ചിൽ പതിക്കണം; അനന്തരം അച്ചിച്ച കടലാസെല്ലാം മടക്കി തുന്നിക്കെട്ടി പുസ്തകരൂപമാക്കി പുറന്താൾ ഒട്ടിച്ചു അരികെല്ലാം അറുത്തു വൃത്തിയാക്കണം. ഒടുവിൽ ഓരോ പുസ്തകവും മടക്കി റാപ്പർ മുറിച്ചു മേൽവിലാസം എഴുതി അഞ്ചലാപ്പീസിൽനിന്നു സ്റ്റാമ്പു വിലകൊടുത്തു വാങ്ങി ഒട്ടിച്ചയക്കണം. കടലാസുവില, അച്ചടിക്രൂലി, സ്റ്റാമ്പുവില, ഇവയ്ക്കുപുറമെ കത്തെടപാടുകൾ, കണക്കെഴുത്തു മുതലായ മറ്റു പല ജോലികൾ ചെയ്യിക്കുന്നതിനും പണം ആവശ്യമാണ്. അതു മാസിക വായിച്ചു രസിക്കയും ജ്ഞാനം സമ്പാദിക്കയും ചെയ്യുന്ന മാന്യവരിക്കാരുടെ മടിശ്ശീലയിലാണു കിടക്കുന്നതു. അതു അവിടെത്തന്നെ കിടക്കുന്നപക്ഷം മാസിക അകാലമരണം പ്രാപിക്കാതെ കഴികയില്ല. അവർ വരിപ്പണം ശരിയായി അയച്ചുതന്നു സദയം സഹായിക്കുന്നതായാൽ മാസിക യാതൊരു ബാലാരിഷ്ടതയും കൂടാതെ ക്രമപ്രവൃദ്ധമായി പുഷ്ടി പ്രാപിക്കുന്നതാണ്.

സ്വരൂപത്തെ വണങ്ങുന്നവൻ അതിന്റെ മൂലത്തെ വണങ്ങുന്നു.

കഴിഞ്ഞ മൂന്നുകൊല്ലത്തെ വരിപ്പണം ഇനിയും അയച്ചു തന്നിട്ടില്ലാത്ത വരിക്കാർ വളരെയുണ്ടെന്നു ഞങ്ങൾ വ്യസനസമേതം പ്രസ്താവിച്ചുകൊള്ളുന്നു. മാസികയിൽ വിജ്ഞാപനം വഴിയും പ്രത്യേക കത്തുമൂലവും പലകുറി അറിയിച്ചിട്ടും വരിപ്പണം അയച്ചു തരുന്നില്ലെന്നു കാണുമ്പോൾ 'ചന്ദ്രിക' യുടെ ഭാവിയെക്കുറിച്ചു ഞങ്ങൾക്കു ആശങ്കജനിക്കുന്നു. വി. പി. അയച്ചാൽ ഇൻറിമേഷൻ ഒപ്പിട്ടുകൊടുത്തശേഷം അതു യഥാകാലം എടുക്കാതെയോ, അഥവാ വി. പി. നിഷേധിച്ചുതന്നെയോ ഞങ്ങൾക്കു വിശേഷാൽ നഷ്ടവും കൂടി വരുത്തിക്കൂട്ടുന്നതു കാണുമ്പോൾ 'ചന്ദ്രിക' യെക്കുറിച്ചുള്ള ആ രങ്കുള്ള പൂമെ, പണസംബന്ധമായുണ്ടാകാവുന്ന മറ്റു അനർത്ഥങ്ങളേയും ഭയപ്പെടേണ്ടിവരുന്നു. അതിനാൽ വരിസംഖ്യ കൂടിശ്ശിക ഇട്ടിട്ടുള്ളവർ അതു മുഴുവനും ഉടൻ അയച്ചുതന്നു ഞങ്ങളെ സഹായിക്കേണമെന്നുപേക്ഷ. മാസികയുടെ ആകൃതിയിലും പ്രകൃതിയിലും പലേ പരിഷ്കാരങ്ങൾ വരുത്തേണമെന്നു ഞങ്ങൾക്കു ആഗ്രഹമുണ്ട്. എന്നാൽ അതിനെറ നിർവഹണം 'ചന്ദ്രിക' യുടെ മാന്യവരിക്കാരെയാണു ആശ്രയിച്ചിരിക്കുന്നതു്. ആ ബന്ധുജനങ്ങളിൽനിന്നു കിട്ടുന്ന വകകൊണ്ടു ചന്ദ്രികാശിശുവിനു ഇപ്പോൾ കഷ്ടിച്ചു വിശപ്പടക്കാനും ദേഹം മറയ്ക്കാനുമേ സാധിക്കുന്നുള്ളു. അവർ വിശേഷാൽ ഒരു ദാനവും ചെയ്തില്ലെങ്കിലും, വരിപ്പണം യഥാകാലം കൊടുത്തു സഹായിക്കുന്നപക്ഷം അതിനു പലഹാരത്തിനും ആഭരണത്തിനും ധാരാളം മാർഗ്ഗമുണ്ടാകും.

വായനക്കാർക്കു പ്രയോജനവും കഥകഴിത്തുകാർക്കു പ്രോത്സാഹനവും ഉണ്ടാകുന്നതിനു ഞങ്ങൾ ഒരു മത്സരകഥാപംക്തി ഏർപ്പെടുത്തിയിരുന്നല്ലൊ. എന്നാൽ ആ പ്രസ്ഥാനം ഞങ്ങൾ പ്രതീക്ഷിച്ചപോലെ അത്ര വിജയകരമായില്ല. വളരെ കുറച്ചുപേർ മാത്രമെ ആ മത്സരത്തിൽ ഏർപ്പെട്ടുള്ളു. അവർ സ്വയം എഴുതി അയച്ചുതന്ന കഥകളിൽ ഒരുവിധം പ്രസിദ്ധീകരണയോഗ്യമെന്നു കണ്ടവയെ ചന്ദ്രികയിൽ ചേർക്കുകയും, ചിലരുടെ പ്രതി പരീക്ഷകന്മാരായിരിക്കാമെന്നു സ്വയം സമ്മതിച്ചിട്ടുള്ള സാഹിത്യകാരന്മാർക്കു അയച്ചുകൊടുക്കയും ചെയ്തിട്ടുണ്ട്. കഴിഞ്ഞലക്കത്തോടുകൂടി മത്സരകഥാസ്വീകരണത്തിനു നിശ്ചയിച്ചിട്ടുള്ള അവധി കഴിഞ്ഞിരിക്കകൊണ്ടു് പ്രസിദ്ധീകരിച്ചിട്ടുള്ളേടത്തോളം കഥകളെക്കുറിച്ചുള്ള വിധി പറയേണമെന്നു ഞങ്ങൾ പരീക്ഷകന്മാരോടു അപേക്ഷിച്ചിരിക്കയാണു്. അവരുടെ വിധി അറിഞ്ഞാൽ ഉടൻ വിവരം

ഒരാളെ വണങ്ങുന്നതു ആയാൾക്കുള്ള മാഹാത്മ്യംമൂലമാണ്.

ചന്ദ്രികയിൽ പ്രസിദ്ധപ്പെടുത്തുന്നതും അർഹന്മാക്ക് നിശ്ചിത സമ്മാനം നൽകുന്നതുമാകുന്നു.

അവസാനമായി, ചന്ദ്രികാശിശുവിനെ ഒരു പുതുകമായ സ്നേഹത്തോടെ അനുഗ്രഹിച്ചിട്ടുള്ള നമ്മുടെ വൈദിക മേലദ്ധ്യക്ഷന്മാരോടും അതിനെ ദയാപുരസ്സരം ആദരിച്ചിട്ടുള്ള ബ. വൈദികരോടും, അതിന്റെ ഉപയോഗത്തെ പൊതുജന ദൃഷ്ടിയിൽ പെടുത്തിയിട്ടുള്ള മാന്യ പത്രാധിപന്മാരോടും, അതു വരുത്തി വായിച്ചു വരുന്ന മാന്യ വരിക്കാരോടും, വിശിഷ്യ പദ്യരൂപത്തിലും ഗദ്യരൂപത്തിലും ലേഖനങ്ങൾ എഴുതി അയച്ചുതന്നു അതിനെ പോഷിപ്പിച്ചിട്ടുള്ള എല്ലാ ബന്ധുക്കളോടും ഞങ്ങൾക്കുള്ള അപാരമായ കൃതജ്ഞതയെ പ്രകാശിപ്പിച്ചുകൊള്ളുന്നു. അതോടുകൂടിത്തന്നെ അവരുടെ ഏതാദൃശമായ ഒത്താശകളെല്ലാം മേലിലും ചന്ദ്രികയ്ക്കു നൽകേണമെന്നു അപേക്ഷിക്കയും ചെയ്യുന്നു.

'മറിയത്തിന്റെ മക്കൾ നശിക്കയ്യില്ല' എന്നാണല്ലൊ ആപ്തവാക്യം. 'കഥാചന്ദ്രിക' സ്വപ്നീയ ചന്ദ്രികയായ ആ മാതാവിന്റെ ശിശുവാണ്. അവിടുത്തെ ജന്മനക്ഷത്രം കത്തോലിക്ക ലോകമെങ്ങും കൊണ്ടാടുന്ന ഈ ഭദിനത്തിലാണ് അതിന്റെ ജനനം. ആ സ്വപ്നീയചന്ദ്രികയുടെ പരിപാവനമായ പ്രഭാപൂരം കൈക്കൊണ്ടു കഥാചന്ദ്രികയും തൈനംദിനം കൂടുതൽ ശോഭയോടുകൂടി പ്രകാശിച്ചുകൊണ്ടാണിരിക്കുന്നതു്. അതിനാൽ ആ മാതാവിന്റെ നേരെ ഞങ്ങൾക്കുള്ള പുത്രനിർവിശേഷമായ ഭക്തിബഹുമാനങ്ങളെ ഇവിടെ രേഖപ്പെടുത്തുകയും അവിടുത്തെ അനുഗ്രഹം ചന്ദ്രികയുടെ മേൽ എന്നും ഉണ്ടാകേണമെന്നു അപേക്ഷിക്കയും ചെയ്തുകൊണ്ടു ഈ മാസികാശിശുവിനെ മൂന്നാം വയസ്സിലേയ്ക്കു പ്രവേശിപ്പിച്ചുകൊള്ളട്ടെ.

പ്രാൻസിൽ വെർസെയിൽസ് എന്ന സ്ഥലത്തുള്ള ഇയ്യോസഭക്കാരുടെ സ്കൂൾ സ്ഥാപിച്ചിട്ടു ഒരു കൊല്ലമായി. അതിലെ പൂർവ വിദ്യാർത്ഥികളിൽ, ഒരു നാവികനായകന്മാരും, പന്ത്രണ്ടു സൈനികോദ്യോഗസ്ഥന്മാരും, നൂറു പ്രധാന സേനാനായകന്മാരുമുണ്ട്. ഈ മൂന്നുപേരിൽ ഒരാളായ 'ഫോഷ്' ഇക്കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ഐക്യകക്ഷിയിലെ സർവസേനാനായകനായി വിജയം സമ്പാദിച്ച വീരപുരുഷനാണ്. വേറെ വകുപ്പുകളിൽപെട്ട അനേകശതം ഉദ്യോഗസ്ഥന്മാരും ഈ സ്കൂളിലെ വിദ്യാർത്ഥികളാണ്.

പ്രസാധകക്കുറിപ്പുകൾ.

ഇടയലേഖനം.

തോമൻകുട്ടി എന്തോ കാര്യമായി വികാരി അച്ചനെ കാണാൻ ചെന്നിരുന്നു. അദ്ദേഹം അപ്പോൾ ഒരു ഇംഗ്ലീഷ് പത്രം വായിച്ചിരിക്കുന്നതു കണ്ടു് "ഇതു് ഏതു പത്രമാണു, അച്ചാ" എന്നു ചോദിച്ചു. "ഇതു് മദ്രാസിൽ നിന്നുള്ള ഒരു പ്രതിവാര പത്രമാണു്. 'കാത്തലിക്ക് ലീഡർ' എന്നാണു പേരു്. കത്തോലിക്കർ അറിഞ്ഞിരിക്കേണ്ട പലതും ഇതിൽ കാണാം" എന്നു അദ്ദേഹം മറുപടി പറഞ്ഞു. "ഇത്തവണ വല്ല വിശേഷവുമുണ്ടോ" എന്നു തോമൻകുട്ടി ചോദിച്ചു. അതിനു വികാരി അച്ചൻ ഇങ്ങനെ മറുപടി പറഞ്ഞു. "കത്തോലിക്കപ്രസിദ്ധീകരണങ്ങളുടെ ആവശ്യകതയേയും അതുകൾക്കു കത്തോലിക്കർ ചെയ്യേണ്ട സഹകരണങ്ങളെയും മറ്റുംകുറിച്ചു മദ്രാസ് മെത്രാപ്പോലീത്താച്ചൻ തിരുമനസ്സുകൊണ്ടു തന്റെ കീഴിലുള്ള ജനങ്ങൾക്കു് അയച്ച ഒരു ഇടയലേഖനം ഇതിൽ ചേർത്തിട്ടുണ്ടു്". (തോമൻകുട്ടിയുടെ മുഖത്തു ആശ്ചര്യഭാവം കാണുന്നു) എന്താ, നിനക്കു ആശ്ചര്യം? മെത്രാനച്ചൻ വേദകാര്യങ്ങളെക്കുറിച്ചല്ലാതെ പത്രങ്ങളുടെ കാര്യത്തെക്കുറിച്ചു് ഇടയലേഖനം അയയ്ക്കുന്നതുകൊണ്ടായിരിക്കാം, അല്ലെ? അവർ അതു മാപ്പിപ്പാമാരിൽ നിന്നു പഠിച്ചതാണു്. മാപ്പിപ്പാമാർ ഇക്കാലങ്ങളിൽ പ്രസിദ്ധീകരണങ്ങളുടെ ആവശ്യതയെയും അതു വരുത്തി വായിക്കാൻ കത്തോലിയ്ക്കരുള്ള ചുമതലയേയും കുറിച്ചു എത്ര ആവർത്തിച്ചും ശക്തിയായും കല്പിച്ചുരുളീട്ടുണ്ടെന്നു വിവരിക്കാൻ പ്രയാസം. മെത്രാപ്പോലീത്താച്ചന്റെ ഈ ലേഖനത്തിൽ തന്റെ ഉപദേശം നടപ്പിൽ വരുത്തുന്നതിനു് ഒരു മാർഗ്ഗവും കൂടി കണ്ടിക്കാണിച്ചിട്ടുണ്ടു്. മദ്രാസ് പട്ടണത്തിലെ കത്തോലിക്കർ അടുത്ത ഒരു ഞായറാഴ്ച 'പ്രസിദ്ധീകരണ ഞായറാഴ്ച' യായി ആചരിക്കണം. മാതാവിന്റെ സൊഡാലിറ്റി (ഭക്തസംഘ്യം) അംഗങ്ങൾ അന്നു ആ പട്ടണത്തിലെ ഓരോ കത്തോലിക്ക കുടുംബത്തിലും ചെല്ലണം. അതിരുപതവക രണ്ടു പത്രങ്ങളിൽ—'കത്തോലിക്ക ലീഡർ' എന്ന ഇംഗ്ലീഷുപത്രവും 'നല്ല ആയൻ' (ഇടയൻ) എന്ന തമിഴ് പത്രവും—ഏതെങ്കിലും ഒന്നു മുടങ്ങാതെ വരുത്തി വായിക്കണമെന്നു അവരെ ഉപദേശിക്കയും അവർക്കു ആ പത്രം കൊടുത്തു അവരുടെ പേരു വരിക്കാരുടെ കൂട്ടത്തിൽ ചേർക്കയും വേണം. ഇതാണു് മെത്രാപ്പോലീത്താച്ചന്റെ ഉപദേശം.

ലൌകികമാഹാത്മ്യംമൂലം ലൌകികരെ വണങ്ങുന്നു.

പ്രസിദ്ധീകരണ ഞായറാഴ്ച.

തോമൻകുട്ടി: "ഇങ്ങനെ പ്രസിദ്ധീകരണ ഞായറാഴ്ച ആചരിക്കുന്ന പതിവു മറ്റു രാജ്യങ്ങളിലുണ്ടോ, അച്ചാ?" വികാരി അച്ചൻ: "സംശയമുണ്ടോ? കാനഡാ, യുണൈറ്റഡ് സ്റ്റേറ്റ്, മുതലായ പാശ്ചാത്യ രാജ്യങ്ങളിലും നമ്മുടെ അടുത്തുള്ള സിലോണിൽ തന്നെയും ഇങ്ങനെ ആചരിക്കാറുണ്ട്. അതിന്റെ ഫലമായി ആ രാജ്യങ്ങളിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ വളരെ ശക്തിയും പ്രചാരവുമുള്ളവയായിത്തീർന്നിരിക്കുന്നു. കാനഡായിലും യുണൈറ്റഡ് സ്റ്റേറ്റിലുമുള്ള എല്ലാ രൂപതകളിലും കഴിഞ്ഞ ഫെബ്രുവരിമാസം മുഴുവനും കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ നാനാതരത്തിൽ വർദ്ധിപ്പിക്കാനും പ്രചരിപ്പിക്കാനും വേണ്ടി വൈദികരും അൽമേനികളും പരിശ്രമിച്ചു. ഈ വർഷം ജനുവരി മാസത്തിൽ മദ്രാസിൽവച്ചു മേരിയൻ കോൺഗ്രസ് (ദേവമാതാവിന്റെ സ്തുതിക്കായി ഒരു മഹാ ജനസംഘം) കൂടിയിരുന്നല്ലോ. അതിന്റെ ആഭിമുഖ്യത്തിൽ, ഇന്ത്യയിലെ കത്തോലിക്കരുടെ ക്ഷേമത്തിനായി നടത്തേണ്ട പലേ നടപടികളെക്കുറിച്ചു ആലോചിക്കയും നിശ്ചയങ്ങൾ പാസാക്കുകയുമുണ്ടായി. അതിൽ ഒന്ന്, ഇന്ത്യയിലും ബർമ്മായിലും സിലോണിലും കത്തോലിക്കാ പ്രസിദ്ധീകരണങ്ങളെ ശക്തിപ്പെടുത്താൻ എല്ലാ ഏടവകകളിലും കൊല്ലംതോറും പ്രസിദ്ധീകരണ ഞായറാഴ്ച ആചരിക്കണമെന്നായിരുന്നു. ആ നിർദ്ദേശമനുസരിച്ചു ഈ വർഷം മാർച്ചുമാസത്തിൽ ബോംബേ അതിരൂപതയിലും, ഈ വർഷം ഫെബ്രുവരി മാസത്തിൽ സിലോണിലും പ്രസിദ്ധീകരണ ഞായറാഴ്ച ആചരിച്ചു.

"മറിയത്തിന്റെ തിരുനാമം നിങ്ങളുടെ അധരങ്ങളിലും നിങ്ങളുടെ ഹൃദയത്തിലും എപ്പോഴും ഉണ്ടായിരിക്കട്ടെ. മറിയത്തെ അനുഗമിച്ചാൽ നിങ്ങൾ വഴിതെറ്റിപ്പോകയില്ല; മറിയത്തോടു അപേക്ഷിച്ചാൽ നിങ്ങൾ നിരാശയിൽ വീഴുകയില്ല. മറിയത്തെ ധ്യാനിച്ചാൽ നിങ്ങൾ തെറ്റിൽ ഉൾപ്പെടുകയില്ല; മറിയത്തിന്റെ താങ്ങുണ്ടെങ്കിൽ നിങ്ങൾ വീഴുകയില്ല; മറിയത്തിന്റെ സഹായമുണ്ടെങ്കിൽ നിങ്ങൾ ഒന്നും ഭയപ്പെടേണ്ട; മറിയത്തെ മാർഗ്ഗദർശിനിയായി സ്വീകരിച്ചാൽ നിങ്ങളുടെ ശക്തി ക്ഷയിക്കയില്ല."

(വിശുദ്ധ ബെർണാർദ്.)

മതപരമായ മാഹാത്മ്യംമൂലം പുണ്യവാന്മാരെ വണങ്ങുന്നു.

മദ്രാസിൽ കഴിഞ്ഞ മാസം ൧-ാംനു- യായിരുന്ന പ്രസിദ്ധീകരണ ഞായറാഴ്ച. തലേദിവസം വൈകുന്നേരം സ്ഥലത്തെ മെത്രാപ്പോലീത്താച്ചന്റെ അദ്ധ്യക്ഷത്തിൽ ഒരു യോഗം കൂടി. പട്ടണത്തിന്റെ നാനാഭാഗങ്ങളിൽനിന്നും അനേകം കത്തോലിക്കർ സന്നിഹിതരായിരുന്നു. ആദ്യമായി "The Faith of our Fathers" (നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം) എന്ന തുടങ്ങുന്ന ഒരു ഇംഗ്ലീഷ് സ്തോത്രഗീതം പാടി. അനന്തരം പ്രൊഫ്സർ രത്തിനസ്വാമി (പാലായിൽ വച്ചു കൂടിയ കത്തോലിക്ക കൊൺഗ്രസ്സിൽ അദ്ധ്യക്ഷം വഹിച്ച ദേഹം) അവർകൾ പ്രസിദ്ധീകരണങ്ങൾക്കു ആധുനികകാലത്തു വളരെ ശക്തിയുണ്ടെന്നും, കത്തോലിക്കരുടെ ശക്തി അവരുടെ പ്രസിദ്ധീകരണങ്ങളെ ആശ്രയിച്ചിരിക്കുമെന്നും, ഇന്ത്യൻ കത്തോലിക്കർ അവരുടെ പ്രസിദ്ധീകരണങ്ങളെ കഴിയുന്നത്ര ശക്തിപ്പെടുത്തണമെന്നും, മദ്രാസ് അതിരൂപതയിലെ രണ്ടു പത്രങ്ങളെയും അവിടുത്തെ കത്തോലിക്കർ വരുത്തി വായിക്കണമെന്നും മറ്റും വിവരിച്ച വിജ്ഞാനപ്രദമായ ഒരു പ്രസംഗം ചെയ്തു. അതിനെ പിന്താങ്ങി വേറൊരു പ്രസംഗവുമുണ്ടായി. മെത്രാപ്പോലീത്താച്ചന്റെ ഉപസംഹാരപ്രസംഗത്തിൽ മാതാവിന്റെ സൊഡാലിറ്റി അംഗങ്ങൾ അതിരൂപതയിലെ കത്തോലിക്കപത്രങ്ങളുടെ പ്രചാരണാർത്ഥം ചെയ്യുന്ന പരിശ്രമങ്ങളെ അഭിനന്ദിച്ചു. മാതാവിന്റെ സ്തുതിക്കായി ഒരു ഗീതം പാടി യോഗം പിരിയുകയും ചെയ്തു.

പിറ്റെ ദിവസം പ്രസിദ്ധീകരണ ഞായറാഴ്ചയുടെ വിജയത്തിന്നായി പട്ടണത്തിലെ എല്ലാ പള്ളികളിലും കുർബാന സമർപ്പിക്കപ്പെട്ടു. കാലത്തു മുതൽ സന്ധ്യവരെ സൊഡാലിറ്റി അംഗങ്ങൾ ഓരോ ഗണമായി പ്രചാരണവേല ചെയ്തു. പത്രങ്ങൾ, ലഘുലേഖകൾ, രസീതു പുസ്തകങ്ങൾ, ഇവ കെട്ടുകെട്ടായി വഹിച്ചുംകൊണ്ടു അവർ പട്ടണത്തിലെ ഓരോ ഗൃഹങ്ങളും സന്ദർശിച്ചു അനേകം പുതിയ വരിക്കാരെ ചേർത്തു. ഇങ്ങിനെ മദ്രാസിലെ പ്രസിദ്ധീകരണ ഞായറാഴ്ച വളരെ വിജയകരമായിത്തീർന്നു.

ഫലങ്ങൾ.

തോമൻകുട്ടി: "കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ വായിച്ചതിന്റെ ഫലമായി കത്തോലിക്ക സഭയിൽ ആളുകൾ ധാരാളം ചേരുന്നുണ്ടോ?"

വികാരി അച്ചൻ: "വളരെ ആളുകൾ സഭയിൽ ചേരുന്നുണ്ട്. ഇംഗ്ലണ്ട്, അമേരിക്ക മുതലായ രാജ്യങ്ങളിൽ കൊല്ലം തോറും ൧൦൦൦൦-ൽ അധികം

മതപരമായ വണക്കം (ആരാധന) രണ്ടുതരമുണ്ട്.

ആളുകൾ തിരുസഭയിൽ ചേരുന്നുണ്ടു്. അവരിൽ അധികഭാഗവും കത്തോലിക്ക പ്രസിദ്ധീകരണങ്ങൾ വഴി സത്യം അറിഞ്ഞിട്ടുള്ളവരാണു്. ഇന്ത്യയിൽ തന്നെ അങ്ങനെ പലരും സഭയിൽ ചേർന്തായി അറിയാം. ഈ പത്രത്തിൽ തന്നെ അതിനു ഒരു ദൃഷ്ടാന്തം കൊടുത്തിരുന്നു. അതു് പട്ടത്തിനു പഠിക്കുന്ന ഒരു യുവാവിന്റെതാണു്. അദ്ദേഹം തന്റെ മാനസാന്തര ചരിത്രം ഇപ്രകാരം എഴുതിയിരിക്കുന്നു.

"ഞാൻ തിരുനൽവേലി ഡിസ്ട്രിക്ടിൽ ഹിന്തുമാതാപിതാക്കന്മാരിൽ നിന്നു ജനിച്ചു. ഞാൻ കുട്ടിയായിരിക്കുമ്പോൾതന്നെ അവർ മരിച്ചുപോയി. അതിനാൽ മൂത്തജ്യേഷ്ഠനാണു് എന്റെ രക്ഷകർതൃത്വം വഹിച്ചതു്. അദ്ദേഹം എന്നെ പാളയംകോട്ടയിലുള്ള പ്രോട്ടസ്റ്റാന്റു് കോളേജിൽ അയച്ചു. അവിടെ ഞാൻ പത്തുകൊല്ലം പഠിച്ചു. അക്കാലത്തിനിടയിൽ പ്രോട്ടസ്റ്റാന്റു് മതത്തെക്കുറിച്ചു പലതും അറിയുന്നതിനിടയായി. ബൈബിൾ പഠിപ്പിച്ചിരുന്ന ക്ലാസിൽ ഞാനും ചേർന്പഠിക്കേണ്ടിവന്നു. സുവിശേഷങ്ങളിൽ ക്രിസ്തുവിന്റെ ഉൽകൃഷ്ടമായ ജീവിതം വായിച്ചതോടുകൂടി ക്രിസ്തുവിനെക്കുറിച്ചു എനിക്കു എന്തെന്നില്ലാത്ത സ്നേഹബഹുമാനമുണ്ടായി. അവിടുന്നു ഉപദേശിച്ച മതമായിരിക്കണം സത്യമതമെന്നു എനിക്കു തോന്നുകയും ദൈവത്തെ പ്രീതിപ്പെടുത്തി എന്റെ ആത്മാവിനെ രക്ഷിക്കേണ്ടതെങ്ങിനെയെന്നു ഞാൻ ആലോചിക്കയും ചെയ്തു. എന്റെ മനസ്സിനു വലിയ അസ്വാസ്ഥ്യം നേരിട്ടു. അങ്ങിനെയിരിക്കെ ദൈവശത്രു ഒരു സഹപാഠിയുടെ സ്നേഹം സമ്പാദിക്കാനിടയായി. അയാൾ എന്നപ്പോലെ ജനനാൽ ഹിന്തുവായിരുന്നു. പിന്നീടു പ്രോട്ടസ്റ്റാന്റു് മതം സ്വീകരിച്ചു. ഫൻഫാം വഷ്ത്തിൽ ഒരു ദിവസം ക്രിസ്തുവിനെയും അവിടുന്നു സ്ഥാപിച്ച മതത്തെയും കുറിച്ചു എനിക്കുള്ള അഭിപ്രായമെന്തെന്നു അയാൾ ചോദിച്ചു. തനിക്കു പ്രോട്ടസ്റ്റാന്റു് മതം മാത്രം പരിചയമുണ്ടായിരുന്നതിനാൽ അയാൾ അതിനെ ഉദ്ദേശിച്ചാണു് ചോദിച്ചതു്. എന്റെ അന്തർഗതങ്ങളെല്ലാം ഞാൻ അയാളെ അറിയിച്ചു. എന്നെ മാനസാന്തരപ്പെടുത്തുവാൻ വളരെ ആഗ്രഹമുണ്ടായിരുന്നതിനാൽ ദിനം പ്രതി ഒന്നരണ്ടു മണിക്കൂർനേരം മതസംബന്ധമായ വിഷയങ്ങൾ പഠിക്കയും പ്രാർത്ഥിക്കയും ചെയ്യാൻ അയാൾ എന്നെ ക്ഷണിച്ചു. ഞാൻ അതു സമ്മതിക്കയും ഞങ്ങൾ വളരെ ഉത്സാഹപൂർവ്വം ആ കൃത്യം തുടങ്ങുകയും ചെയ്തു. എല്ലാദിവസവും ഞങ്ങൾ സുവിശേഷത്തിൽനിന്നും

ഒന്നു 'ലാത്രിയ' (Latria) മറ്റൊന്നു 'ദൂലിയ' (Dulia)

ശ്രീമന്മാരുടെ ലേഖനങ്ങളിൽനിന്നും പ്രിന്തനം ഓടിച്ചുവായിച്ചു് അതിന്റെ അർത്ഥം ഗ്രഹിക്കാൻ ശ്രമിച്ചു. ആ പഠനം ഒരു കൊല്ലത്തോളം തുടർന്നു. എന്നാൽ അധികനാൾ കഴിയുംമുമ്പെ, പല പ്രോട്ടസ്റ്റാൻറുകാരും വ്യാഖ്യാതാക്കൾ ഒരേ വാക്യങ്ങൾക്കു പരസ്പരവിരുദ്ധങ്ങളായ പലതരം അർത്ഥങ്ങൾ കല്പിക്കുന്നതുകണ്ടു ഞങ്ങൾ ആശ്ചര്യപ്പെട്ടു. ഞങ്ങൾ രണ്ടുപേർ തമ്മിലും, ഞങ്ങളോടുമോന്നു പഠിച്ച വേറൊരു സ്നേഹിതനും തമ്മിലും വളരെ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു. തർക്കപ്പെട്ട വാക്യങ്ങളുടെ അർത്ഥം ഇന്നതാണെന്നു തീർച്ചയായി പറഞ്ഞു ഞങ്ങളുടെ തർക്കം തീർക്കുവാൻ ഒരുത്തരുമുണ്ടായിരുന്നില്ല. കാരണം, വേദവാക്യങ്ങൾ ഓരോരുത്തനും ഇഷ്ടംപോലെ വ്യാഖ്യാനിക്കാമെന്നുള്ള പ്രോട്ടസ്റ്റാൻറു മതത്തന്റെ ഉപദേശം തന്നെ.

ഞങ്ങൾ ഇപ്രകാരം ചഞ്ചലപ്പെട്ടുകൊണ്ടിരിക്കുമ്പോൾ പ്രോട്ടസ്റ്റാൻറുകാരനായ വേറൊരു സ്നേഹിതൻ 'ഇന്ത്യൻ കത്തോലിക്കാ തത്വസംഘം' വകയായി പ്രസിദ്ധീകരിച്ചിട്ടുള്ള ചില ചെറുപുസ്തകങ്ങൾ തന്നു. അവയെ തിരുമനസ്സിലിരിക്കുന്നതായ ഒരു സ്നേഹിതൻ അയച്ചുകൊടുത്തതാണു്. "ഒരു പ്രോട്ടസ്റ്റാൻറു പുരോഹിതന്റെ മാനസാന്തരം" എന്ന പുസ്തകമാണു് ഞങ്ങൾ ആദ്യം വായിച്ചതു്. അതിന്റെ ഫലമായി മറ്റൊരിക്കലും കേട്ടിട്ടില്ലാത്ത പല സംഗതികളും അറിയുന്നതിനിടയായി. അതോടുകൂടി കത്തോലിക്കാസഭയെക്കുറിച്ചു കൂടുതലായി അറിയുന്നതിനു ഞങ്ങൾക്കു ആഗ്രഹവും ജനിച്ചു. ഞാൻ ഉടനെ ഐ. സി. ആർ. എസ്. എന്ന ആ പ്രസിദ്ധീകരണങ്ങളുടെ ഒരു വരിക്കാരനായിമോന്നു്, എനിക്കു അറിയേണ്ട കാര്യങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വരുത്തി വായിച്ചു. അവ എന്റെ മനസ്ഥിതിക്കു വലിയ മാറ്റമുണ്ടാക്കി.

എങ്കിലും കത്തോലിക്കസഭയിൽ ചേരുന്നകാര്യം ഞാൻ അപ്പോൾ ഗൗരവമായിച്ചിന്തിച്ചില്ല. എന്റെ ജാതിക്കാരും സംബന്ധക്കാരും കാരണവന്മാരും അംഗീകരിച്ചുപോന്ന മതം ഉപേക്ഷിക്കുന്നതിനു എനിക്കു ധൈര്യമില്ലായിരുന്നു. ജ്യേഷ്ഠന്മാരാണു് എന്റെ രക്ഷകർതൃത്വം അന്നു വഹിച്ചിരുന്നതു്. അതിനാൽ ഞാൻ അവരെ എങ്ങിനെ പിരിഞ്ഞുപോകും? ഈ വിവരമെല്ലാം കാണിച്ചു ഞാൻ ഐ. സി. ആർ. എസ്. പ്രസിദ്ധീകരണ പ്രസ്ഥാനത്തിന്റെ മാനേജരി സിസ്റ്റർ അവർകളുടെയടുക്കൽ

ദൈവത്തിനു മാത്രം നൽകേണ്ട പരമാരാധന, ലാത്രിയ.

ഒരു കത്തയച്ചു. അദ്ദേഹം എന്നെ ഉപദേശങ്ങൾതന്നു ധൈര്യപ്പെടുത്തുകയും തിരുനാവായിലെക്കു ക്ഷണിക്കുകയും ചെയ്തു. ഏതാനും മാസങ്ങൾകൂടി ഞാൻ ആ സന്നിഗ്ധാവസ്ഥയിൽ ജീവിച്ചു. അനന്തരം പാളയംകോട്ട വിട്ടു തിരുനാവായിലേക്കു പോയി. അവിടെവച്ചു ഫെബ്രുവരി ആഗസ്റ്റ് മാസം, ദേവമാതാവിന്റെ സ്വർഗ്ഗാരോഹണത്തിരുനാളിൽ ഞാൻ ജ്ഞാനസ്നാനം സ്വീകരിച്ചു. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ, എന്റെ ഉപദേഷ്ടാവായിരുന്ന മുൻപറഞ്ഞ പ്രിയ സ്നേഹിതനും തിരുനാവായിൽ വരികയും കത്തോലിക്കാ സഭയിൽ ചേരുകയും ചെയ്തു. പ്രോട്ടസ്റ്റാന്റു മതത്തിൽ പരമാർത്ഥമായി വിശ്വസിച്ചിരുന്ന അദ്ദേഹം എന്നെ അതിൽ ചേർക്കുവാനാണു് ശ്രമിച്ചതു് എന്നാൽ എനിക്കു ആ മതത്തോടു പ്രകൃത്യാ വെറുപ്പുതോന്നിയിരുന്നു അദ്ദേഹത്തിന്റെ പരമാർത്ഥബുദ്ധിയെ ദൈവം അനുഗ്രഹിക്കയും സത്യസഭയിൽ ചേരുന്നതിനുള്ള കൃപാവരം നൽകുകയും ചെയ്തു. മരണംവരെയും ദൈവത്തെ വിശ്വസ്തതയോടെ സേവിക്കുന്നതിനുള്ള അനുഗ്രഹം അവിടുന്നു തരണമേയെന്നാണു് ഞങ്ങളുടെ പ്രാർത്ഥന.

കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ വായനയാൽ സത്യം കണ്ടെത്തുന്നതിനും സത്യമതം സ്വീകരിയ്ക്കുന്നതിനും ഇവർക്കു സംഗതിവന്നു. ഇവർ രണ്ടുപേരും ഇപ്പോൾ പട്ടത്തിനു പഠിക്കയാണു്.

തോമൻകുട്ടി: "പ്രസിദ്ധീകരണങ്ങളുടെ ശക്തി വലിയതുതന്നെ. എനിക്കു ഒന്നെങ്കിലും വരുത്തി വായിക്കണം. ഏതു വേണമെന്നു അച്ചൻ ദയവായി പറഞ്ഞാലും." വികാരിഅച്ചൻ: "നീ കുട്ടിയല്ലെ, കുട്ടികൾക്കു യോജിച്ച ഒരു പ്രസിദ്ധീകരണമുണ്ടു്: "കഥാചന്ദ്രിക"; നീ അതു് വരുത്തുക. കൊല്ലത്തിൽ ഒന്നര രൂപയേ വരിപ്പണമുള്ളു. മാസം രണ്ടണവീതം നീ കൊണ്ടുവന്നു തരിക. ഞാൻ 'ചന്ദ്രിക' വരുത്തി തന്നുകൊള്ളാം." വികാരിഅച്ചൻ ഉടനെ തോമൻകുട്ടിയുടെ വിലാസത്തിൽ ചന്ദ്രിക അയച്ചുകൊടുപ്പാൻ ഏർപ്പാടുചെയ്തു.

ഹൊളണ്ടിൽ ബൈസ്റ്റർൽ റോഡ് എന്ന പട്ടണത്തിലെ അധികാരിയായിരുന്ന വാൻഡെൻവെൻ എന്ന ദേഹം ആ ഉദ്യോഗം രാജിവച്ചു് ബെൽജിയത്തിലെ ഒരു ബെനഡിക്ടൻ സന്ന്യാസാശ്രമത്തിൽ ചേർന്നിരിക്കുന്നു.

സൃഷ്ടികർമ്മം നൽകാവുന്ന താഴ്ന്നതരം ആരാധന 'ദുലിയ'

മാതാവിന്റെ പിറവിപ്പാട്ട്.

(ശ്രീമാൻ ജോസഫ് ജി. പള്ളിപ്പാടൻ (ഇടപ്പള്ളി)

രാഗം-ഹിന്ദുസ്ഥാൻ തോടി. താളം-ആദി.

"ഇവൾ കയിലോ!" എ: മ:

1) ഹ! ഹ! വിധുവോ!-"നസറേത്തു" ദേശശുഭമോ!
പരിശുദ്ധ ദാവീദിൻ ഗോത്രമായതി-
ന്നൊത്ത ഭാഗ്യപ്രകാശമോ!-

2) പരമനമോ!-പുരുപുണ്യപുര ഫലമോ!
"നസറേത്തു" ദേശമതുത്തമം പുര-
മാക്കുമാറു ലസിച്ചൊരാ-

3) ലോകദീപമോ!-ലോകദീപവാസഗേഹമോ!
നിഖിലേശപന്നനരൂപപാവന
മാനസം തടവുന്നിവൾ-

4) നാരീമണിയോ!-ഭൂവി, ജാതയായിവളംബയോ!
സർവ്വലോക നായകനേകവത്സല-
യാകുമീപ്പിപാവനി-

5) ഗുണനിധിയോ!-രൂപലാവണ്യാബ്ധിതന്നെയോ!
ഹ! ഹ! തിങ്കളിന്നമാതങ്കമേകുമ-
നന്തകാന്തി മൊരിഞ്ഞിടും-

6) പുണ്യവിസമോ!-പുരുസൌരഭ്യംപെറും സുമമോ!
ഹ! ഹ! ജന്മനാപുതനന്മയാൽ മനം
തിന്മയെന്നിയെ കാത്തൊരു-

7) സുരകരമോ!- ഭൂവി, വനിടാൻ, സുരനേണിയോ!!
വരദീച്ഛിയേറിന വക്രുപത്മയി-
വൾക്കു ഭാവി, മാഹൽപദം-

8) ഏവമതിയായ്-നിജനിത്യചയ്മതിയായ്
തെളിവാക്കി, ലോകത്തിനത്തുതാവഹ-
മായി "യേശു" വിനംബയായ്-

9) ഇവൾ ജാതയായ്-ഭൂവി ജന്മപാപഹീനയായ്
സർവ്വലോകമേ! സ്തുതി ചെയ്കയീസകു-
ലേശപീം; സുഖമാളിടും!!! (ഹ! ഹ! വിധുവോ!!!)

പുണ്യവാന്മാർ ദേവന്മാരാണെന്നു കത്തോലിക്കർ വിശ്വസിക്കുന്നില്ല.

ഇക്കൊല്ലത്തിലെ ധീരനായ ഒരു വേദസാക്ഷി

(റവ. ഫാദർ തോമസ് മൂഞ്ഞേലി.)

മെക്സ്ിക്കോയിലെ മത പീഡനത്തിനു യാതൊരു ശമനവും വന്നിട്ടില്ല. എന്നല്ല, വേദത്തെരുക്കെ അറിയ്ക്കുടി വർദ്ധിച്ചും ശക്തിപ്പെട്ടുമാണിരിക്കുന്നതു്. തൽഫലമായി കത്തോലിയ്ക്കസഭയിലെ വേസാക്ഷികളുടെ പട്ടികയിൽ ഉൾപ്പെടുന്നതിനു നാടെ മെക്സ്ിക്കൻ സഹോദരങ്ങളിൽ പലർക്കും ഭാഗ്യമുണ്ടാകുമെന്നുള്ളതു് ആശ്വാസജനകംതന്നെ. ഇവരിൽ ഏറ്റവും ധീരനും സുപ്രസിദ്ധനുമായ ഒരു യുവാവാണു് എന്റെ ഈ ലേഖനത്തിനു വിഷയീഭവിച്ചിട്ടുള്ള ഗൊൺസാൽവസ് പ്രോസ് അവർകൾ. മെക്സ്ിക്കോയിൽ ഒരുത്തനെ കത്തോലിക്കനോ, മനുഷ്യനോ, ജീവിച്ചിരിക്കുന്ന കാലത്തോളം അയാളുടെ വേസാക്ഷിത്വം വിസ്മരിക്കപ്പെടുന്നതല്ലെന്നാണ് പൊതുജന സംസാരം.

ഗൊൺസാൽവസ് ഗവുദലജാറാ പട്ടണത്തിലെ പ്രധാനായ ഒരു വക്കീലും മെക്സ്ിക്കോയിലെ സകല കത്തോലിക്ക പരിശ്രമങ്ങളുടെയും പ്രധാന നായകനും പ്രോത്സാഹകനുമായിരുന്നു. കോളേജ് പഠനകാലത്തു അയാൾ പ്രധാന പ്രൊഫ്സർമ്മാരിൽനിന്നു അനേകം പ്രശംസാപത്രങ്ങളും സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയിട്ടുണ്ട്. പഠനം പൂർത്തിയായശേഷം തന്റെയും കുടുംബത്തിന്റെയും സംരക്ഷണയെ ലാക്കാക്കി അഭിഭാഷകവൃത്തിക്കായിട്ടാണു പരിശ്രമിച്ചതു്. തദവസരത്തിലും താൻ സ്ഥലത്തെ കത്തോലിക്കരുടെ നേതൃനായകമായിരുന്നു. ഗവുദലജാറായിൽ താൻ സ്ഥാപിച്ച കത്തോലിക്കമഹാജനസഭയുടെ പ്രസിഡൻറ്സ്ഥാനം പല കൊല്ലങ്ങളോളം വഹിച്ചിട്ടുണ്ട്. മാത്രമല്ല, ഗൊൺസാൽവസ് പ്രഖ്യാതനായ ഒരു വാഗ്മിയും പത്രപ്രവർത്തകനും ലേഖകനുംകൂടി ആയിരുന്നു. ഒരിക്കൽ കത്തോലിക്കർ ഒരു പൊതുജനസഭ വിളിച്ചുകൂട്ടിയപ്പോൾ ഗൊൺസാൽവസിന്റെ സ്വരമായിരുന്നു പ്രബലപ്പെട്ട കേട്ടിരുന്നതു്. ഒന്നിലധികം പ്രാവശ്യം 'സ്ഥിതിസമത്വവാദി' കൾ പട്ടണത്തിൽ ക്ഷോഭമുണ്ടാക്കിയ അവസരങ്ങളിൽ, ഈ യുവപ്രാസംഗികൻ ഒരു മേശപ്പുറത്തു കയറിനിന്നു അതിതീക്ഷ്ണതയോടുകൂടി പ്രസം

അവർക്കു ദൈവികാരാധന നൽകുന്നുമില്ല.

ഗിക്കയിൽ തന്റെ വാഗ്വിലാസ ശക്തികൊണ്ടു ക്ഷോഭിച്ചുവശായ ജനതതിയെ ശാന്തപ്പെടുത്തുന്നതിനു സാധിച്ചിരുന്നു. വലിപ്പത്തിലും പ്രാബല്യത്തിലും ഗവുദലജാറാ മെക്സിക്കോയിലെ ദ്വിതീയ പട്ടണമാണ്. അവിടത്തെ ജനങ്ങൾ ഭക്തന്മാരും നിർഭയന്മാരും വിശ്വാസസമ്പന്നരും സഹൃദയന്മാരുമാണ്. ഇതു ഗൊൺസാൽവസ് അവർകളുടെ നേതൃത്വത്തിലും ധീരതയിലും നടത്തിയ പരിശ്രമഫലമാണെന്നാണ് പൊതുജനവിശ്വാസം. മെക്സിക്കോയിൽ കത്തോലിക്കരുടെ പൊതുനേതാവായ കാപ്പിസ്ട്രാൻ അവർകളെ കഴിഞ്ഞാൽ, ജനസ്വാധീനവും പ്രതിഭാവിലാസവും ധാർമ്മികശക്തിയും സമുദായസ്നേഹവും ഉള്ള ആൾ ഗൊൺസാൽവസിനെ പോലെ ആരും ഇല്ല. മാച്ച് മാസത്തിൽ യുദ്ധകാര്യമന്ത്രി ആയ അമാറൊ, ഒരു ബലമേറിയ സൈന്യത്തോടുകൂടി ഗ്വദലജാറാ പട്ടണത്തിൽ കാലസിന്റെ ശത്രുക്കളോടു സമരം ചെയ്യുന്നതിനു പുറപ്പെട്ടു. പോരാട്ടത്തിൽ അമാറൊ പരാജിതനാകുന്നതിനിടയായ്തു. അപജയം കൊണ്ടു കോപാക്രാന്തനായ യുദ്ധകാര്യമന്ത്രി ഗവുദലജാറായിൽ ചെന്നു പട്ടണവാസികളെ ഭയപ്പെടുത്തി.

അമാറോയുടെ ക്രൂരസ്വഭാവവും ഡിസ്ട്രിക്ട് കമാണ്ടരുടെ ശത്രുവിദ്വേഷവും നല്ലവണ്ണം അറിഞ്ഞിരുന്ന കത്തോലിക്കർ എന്തു വിധേനയും ഒരു ഞെരുക്കമുണ്ടാകുമെന്നു തീർച്ചപ്പെടുത്തിയെങ്കിലും ആരെല്ലാമോണ ഇതിൽ പെട്ടുപോകുന്നതെന്നു ഒരുത്തനും ഊഹമുണ്ടായില്ല. കലഹപ്രിയന്മാരായ ചിലരെ അമാറൊ പിടികൂടി. കാലസിനു വിരുദ്ധമായി പ്രവർത്തിക്കുന്നവരുടെ ലീസ്റ്റ് കൊടുക്കുന്നവർക്കു വിമോചനം നൽകാമെന്നു വാഗ്ദാനം ചെയ്തു. തദനുസരണം സപ്രാണഭയപ്പെട്ട ഗൊൺസാൽവസിനോടുകൂടി കത്തോലിക്ക പരിശ്രമങ്ങളുടെ നായകന്മാരും ധനികന്മാരും ഉത്തമ കത്തോലിക്ക ജീവിതം നയിക്കുന്നവരുമായ ൬ പ്രധാനികളുടെ പേർ പറഞ്ഞുകൊടുത്തു. ഉത്തര ക്ഷണത്തിൽ അവരെ അറസ്റ്റ് ചെയ്തു പാതിരാത്രിസമയത്തു തടവിലാക്കി. കാലസിന്റെ ഗവർമ്മെണ്ടിനു യാതൊരുതരത്തിലുള്ള വിചാരണയ്ക്കും ആവശ്യമില്ലാ. ബോൾഷെവിസ്റ്റ്കാരുടെ മൊഴിതന്നെ തെളിവു. ഗൊൺസാൽവസിന്റെ കൂട്ടുകാരെ സെമിത്തേരിയിൽ കൊണ്ടുപോയി അവരുടെ പുറത്തു വെടിവെച്ചു കൊന്നുകളഞ്ഞു. എന്നാൽ, സുപ്രസിദ്ധനായകനും മെക്സിക്കോയിലെ പ്രഖ്യാതനായ വാഗ്മിയും ഒരു കത്തോലിക്ക പ്രതിദിനപത്രത്തിന്റെ സ്ഥാപകനും,

---

കത്തോലിക്കർ സൃഷ്ടികൾക്കു ദൈവികാരാധന നൽകുന്നുമില്ല.

മെക്സിക്കൻ യുവജനസമാജത്തിന്റെ സംരക്ഷകനും പ്രമുഖനായ അഭിഭാഷകനും പ്രതിദിന ദിവ്യകാരുണ്യസ്വീകാരകനും കാലസിന്റെ മതപീഡനത്തോട് എതിരിട്ടിരുന്ന കത്തോലിക്ക സമൂഹത്തിന്റെ വലംകയ്യുമായ ഗൊൺസാൽവസ് റിസ്സഹായനായി ജെയിലധികാരികളുടെ ക്രൂരതരമായ മേൽനോട്ടത്തിൽ വിട്ടയക്കപ്പെട്ടു. തന്റെ വേദസാക്ഷിത്വം ഏപ്രിൽ മാസത്തിൽ അമേരിയുടെ ഉത്തരവനുസരിച്ച് പട്ടണത്തിലെ പ്രധാനഭാഗമായ കൊളോണ്ടൊ എന്ന സ്ഥലത്ത് പൂർത്തികരിക്കപ്പെട്ടതാണ്. ആദ്യമായി കൊൺസാൽവസിനെ വിരലുകൾ ഛേദിച്ച് നിലം തൊടാതെ കെട്ടിത്തൂക്കി. വേദനയേറിയ ഈ നിലയിൽ തൂങ്ങികിടക്കുമ്പോൾ അയാളുടെ വസ്ത്രങ്ങളാസകലം അവർ ഊരി എടുത്തു. ഇതിന്റെ ശേഷം ക്രൂരന്മാരായ അവർ അയാളെ ഏതെല്ലാം വിധത്തിൽ പീഡിപ്പിച്ചു എന്നു ആർക്കും പിടികിട്ടിയിട്ടില്ല. തന്റെ ചെവിയും മൂക്കും പാദങ്ങളും കൈകളും കൃഷണമായി മുറിച്ചെടുത്തു എന്നു ഒരു കൂട്ടർ പറയുന്നുണ്ട്. അതും അവിശ്വസിക്കത്തക്കതല്ല. പിന്നീട് കെട്ടഴിച്ച് നിലത്തു കിടത്തിയപ്പോൾ മല്ലന്മാരായ ചിലർ അയാളെ മുഖത്തു പല പ്രാവശ്യവും ചവുട്ടി. മരിയ്ക്കുൽ കൂടി അവർ കെട്ടിത്തൂക്കി. "ക്രിസ്തുരാജൻ ജീവിക്കട്ടെ" എന്നു വിണ്ടും കിഴിക്കാതെയിരിക്കുന്നതിനുവേണ്ടി ഗൊൺസാൽവസിന്റെ നാവ് കത്തികൊണ്ടു മുറിച്ചുകളഞ്ഞു.

അനന്തരം കത്തികൊണ്ടു അദ്ദേഹത്തിന്റെ ദേഹത്തിൽ നാനാഭാഗങ്ങളിലും അടുക്കുകയും വരയുകയും മുറിയ്ക്കുകയും ചെയ്തുകൊണ്ടു ഘാതകന്മാർ സന്തോഷിച്ചിരുന്നു. അവസാനത്തിൽ ഡിസ്സിക്ക് കമാണ്ടർ മൈറോ ശിരസ്സിൽ രണ്ടു പ്രാവശ്യം വെടിവെച്ചു. തല രണ്ടായി പൊളിഞ്ഞെങ്കിലും ദേഹത്തിൽ ചലനമുണ്ടെന്നു ബോദ്ധ്യപ്പെട്ടതിനാൽ കമാണ്ടന്റെ സിൽബന്ധികൾ രണ്ടു വെടികൂടിവെച്ചു. ഗൊൺസാൽവസ് സപജീവനെ സ്വർഗ്ഗാവിനു സമർപ്പിക്കയും ചെയ്തു.!!

അപ്പോൾ അവർ വാതിൽ തുടന്നു പടിയ്ക്കൽ അക്ഷമയായി കാത്തു നിന്നിരുന്ന ഒരു സ്ത്രീ രക്തത്തിനു പ്രവേശനം നൽകി. അവൾ വേദസാക്ഷിയുടെ പ്രിയപ്പെട്ട ഭാര്യയായിരുന്നു. പ്രേതം എടുത്തുകൊണ്ടുപോകുന്നതിനു അദ്ദേഹത്തിന്റെ സ്നേഹിതന്മാർക്ക് അനുവാദം കിട്ടി. ഗൊൺസാൽവസ് രക്തസാക്ഷിയുടെ അവർകളുടെ വധുവസ്ത്രമാണു കാട്ടുതിപോലെ ജനതാമദ്ധ്യത്തിൽ പരക്കയും പട്ടണമാകപ്പാടെ ഇളകി വശാകയും

അതിനാൽ അവർ വിഗ്രഹാരാധന ചെയ്യുന്നില്ല.

ചെയ്തു. ധീരനായ യുവാവിന്റെ അവശിഷ്ടങ്ങൾ ഒരു നോക്കു കാണുന്നതിനും ബഹുമതിയും വണക്കവും പ്രദർശിപ്പിക്കുന്നതിനും ഇരുപതിനായിരം ജനങ്ങൾ കൂട്ടുകയുണ്ടായി. പലതും നേരുങ്ങളിൽ അശ്രുകണങ്ങൾ പൊഴിച്ചു കൊണ്ടാണു സമീപിച്ചതു്. മെക്സിക്കോയിൽ അന്നു ഏറ്റവും ദുഃഖകരമായ ദിനമായിരുന്നു.

ഗൊൺസാൽവസ് ഹ്റോസ് !! ഈ സംഭവം മെക്സിക്കോയിൽ ഒരിടത്തും വിസ്മരിക്കപ്പെടുന്നതല്ല. വൈദികാധികാരികൾ വേദസാക്ഷിതപമരണാവിവരങ്ങൾ പഠിച്ചുവരുന്നു. കാലവിളംബം കൂടാതെ സംപൂജ്യനായ ഗൊൺസാൽവസിനെ വിശുദ്ധൻ എന്നു പേർ വിളിക്കുമെന്നാണു പൊതുവെയുള്ള വിശ്വാസം.



ഏതാനും കൊല്ലങ്ങൾക്കു മുമ്പു ഫ്രാൻസിൽ കത്തോലിക്കാ സഭയുടെ നേരെ ഗവർമെന്റു നടത്തിയ പീഡയിൽ പള്ളിവക വസ്തുക്കളെ ഗവർമെന്റിലേയ്ക്കു കണ്ടുകെട്ടുന്നതിൽ പ്രധാന ഭാഗം വഹിച്ച ഉദ്യോഗസ്ഥനായിരുന്ന മിസ്റ്റർ ലക്കൊമ്പ്. ഒരു കത്തോലിക്കനായിരുന്ന ഇദ്ദേഹം രംശോസഭക്കാരുടെ വിദ്യാലയത്തിലാണ് ബാല്യത്തിൽ വിദ്യാഭ്യാസം ചെയ്തതു്. എങ്കിലും ആ സഭക്കാരെത്തന്നെ ഫ്രാൻസിൽനിന്നു നാടുകടത്തുന്നതിനു അദ്ദേഹം വളരെ ശ്രമിക്കയുണ്ടായി. രണ്ടു കൊല്ലത്തിനുമുമ്പു ഒരു കഠിനരോഗം പിടിപെട്ടു തീരെ അവശനായി ബുദ്ധിഭ്രമം നേരിട്ടുകിടക്കുകയായിരുന്നു. എന്നാൽ ദൈവാനുഗ്രഹത്താൽ അദ്ദേഹം മിണ്ടാവേദം ഉപേക്ഷിച്ചു തന്റെ മതത്യാഗത്തെക്കുറിച്ചു അനുതപിച്ചു അന്ത്യകൂദാശകൾ കൈക്കൊണ്ടു് കഴിഞ്ഞ മാസത്തിൽ സമാധാനപൂർവ്വം മരണം പ്രാപിച്ചു.

മൂന്നു ഭൂഖണ്ഡങ്ങളിൽ വിമാനയാത്ര വിജയപൂർവ്വം കഴിച്ചഇറ്റലിക്കാരനായ പിനേഡോ എന്ന സേനാനായകനു ഫ്രാം പീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഒരു സന്ദർശനം അനുവദിക്കയും അദ്ദേഹത്തിന്റെ വിമാനയാത്രയെക്കുറിച്ചു അനുമോദിക്കയുമുണ്ടായി. വിമാനയാത്രയിൽ തനിക്കു ആശ്ചര്യകരമായ ജ്ഞാനമുണ്ടെന്നു മാപ്പാപ്പായുടെ സംഭാഷണത്തിൽ നിന്നു വെളിപ്പെട്ടു. തിരുമനസ്സുകൊണ്ടു് സേനാനായകനു ഒരു മെഡൽ സമ്മാനിക്കയും സർവ്വവിജയം ആശംസിക്കയും ചെയ്തു.

നല്ല സമറിയാക്കാരൻ.

(പ്രഹസനം.)

ശ്രീമാൻ പെരുന്നയിൽ കെ. എ. സെബാസ്റ്റ്യൻ.

ഒന്നാം രംഗം.

(ഒരു കച്ചവടക്കാരൻ പ്രവേശിക്കുന്നു.)

കച്ച— ഹാ! ദൈവമേ! ദുഷ്ടന്മാരുടെ നിവാസത്തിലായ ആ വൻ കാട്ടിൽക്കൂടി ഞാൻ എങ്ങനെയാണു പോകുന്നതു്. പോകാതെയിരുന്നാൽ എന്റെ കച്ചവടം എങ്ങനെ നടക്കും? അതിനാൽ ഇനി ഞാൻ താമസിക്കുന്നതു യുക്തമല്ല.

ഗീതം "രവീന്ദ്രനാഥ ടാഗോർ" എന്ന മട്ടു്.

പല്ലവി.

കാരുണ്യമേറും ദേവാ! കാത്തരുൾക കാരുണ്യ.

അനുപല്ലവി.

സംസാരസാഗരത്തിൽ ഘീണരേണിടുന്നോ-
ക്കാശ്വാസമേകിടുന്ന ദിവ്യതാരകമേ!
ക്ലേശനാശകനേ! ജീവദായകനേ!
ദേവാ! കാത്തരുൾക. കാരുണ്യ.

പാപികൾക്കു പാരിടത്തി ലേകരക്ഷകനേ!
ഭീതിയേറെ മേകിടുന്നൊരക്ഷയനേ!
ഖേദമകറേണേ! മോദമിയറേണേ!
ദേവാ! കാത്തരുൾക. കാരുണ്യ.

ഘോരമായകാനനം കടന്നുവേഗമങ്ങു
ചേരുവാൻകൃപാമഴ പൊഴിയേണേ!
വരം ചൊരിയേണേ! ശുഭമരുളേണേ!
ദേവാ! കാത്തരുൾക. കാരുണ്യ.

(പോയി.)

അതു സൃഷ്ടികൾക്കു നൽകിയാൽ വിഗ്രഹാരാധനയാകും.

രണ്ടാം രംഗം.

ഒരു വനം.

(കള്ളൻ പ്രവേശിക്കുന്നു.)

'പച്ചമരമേ' എന്ന മട്ട്.

കള്ളൻ— ഈ രാത്രിവനാന്തരത്തെയീ രാജനിവാസത്തെ
ഘോരമടക്കുന്നായകനാം ഞാനിവൻ തന്നെ.
എട്ടടിക്കുന്നഹോ !! മുടിക്കാൻ ശക്തിയുള്ളോനെന്നാകെ
വേട്ടചെയ്യുന്നോരെയെല്ലാം ചൊന്നിടുന്നോനിഞ്ഞാനെ.
കാട്ടിവിങ്ങയെന്നെവെല്ലാനാരുമില്ലുതെല്ലും
നാട്ടിലുള്ളോരൊക്കെയെന്നെകുപിടേണം ഹാ ! ഹാ !

എന്റെ വാളിന്റെ മൂച്ച് നോക്കുന്നതിനുപോലും ഇന്നാരെയും കിട്ടിയില്ലല്ലോ.

(അണിയറയിൽ)

'ഈ മഹാവനത്തിലേ' എന്ന മട്ട്.

ഘോരമാംകൊടുംകാട്ടിൽ-ഞാൻതനിച്ചായഹാ !
ആരുമേതുമെചെയ്യാ-നില്ലിവിടെയുമാ !

കള്ളൻ— അല്ല ! ഇവ കേൾക്കുന്നതെന്താണ് ? മനുഷ്യശബ്ദമാണെന്നു തോന്നുന്നു. എന്തായാലും ഇവിടെ പതുങ്ങിയിരിക്കാം.

(അപ്രകാരം ചെയ്യുന്നു.) കച്ചവടക്കാരൻ പ്രവേശിക്കുന്നു.

ഗീതം തുടങ്ങുന്നു

ശ്രീരാമം ഘോരമാമീ-കൂരമൃഗാതതിയും
പാരംസുഖമായീ-വാണിടും വനമിത്. ഘോര
പാടുന്നപികങ്ങളി-ങ്ങാടുന്ന കുയിലുകൾ
ഓടുന്നസിംഹങ്ങളു-ചാടുന്നമൃഗങ്ങൾ. ഘോര
അന്ധകാരമതിനാൽ-കാണുന്നതുമേകരം
എന്തൊന്നുചെയ്യുമിഹ-സന്തതാപമുയരുന്നു. ഘോര

ഹാ ! ദൈവമേ ! ഈ വനത്തിൽക്കൂടി ഞാൻ എപ്രകാരമാണ് സഞ്ചരിക്കുക. എന്തായാലും മുന്നോട്ടുപോകതന്നെ. (പോകുന്നു)

'അത്ഭുതങ്ങൾ' സാക്ഷാൽ നടന്നിട്ടുള്ള സംഭവങ്ങളാണ്.

ശ്ലോകം.

ആരാൽപ്രിസ്തുതമായിട്ടും നദിയിതാകാണുന്നുയെൻദൈവമേ!
പാരംനീലിമചേർന്നവെള്ളമതുമിങ്ങുക്കോടുപായുന്നഹോ!!
ആറിന്നക്കരെപററിഞാൻ സുഖമെഴും രാജ്യത്തിലെത്തീടുവാൻ-
പാരാതേതുണമെയ്യുവീ യഗതിയാമെന്നേക്കടാക്ഷിക്കണേ!

ഇനി ഞാൻ എന്താണു ചെയ്യുക. ഈ വന്നു മനുഷ്യസഞ്ചാരമില്ലാത്ത സ്ഥലമെന്നാണല്ലോ തോന്നുന്നത്. എന്തായാലും ഇവിടെങ്ങാനും സഹായത്തിനു വല്ലവരുടെയോ എന്നു അന്വേഷിക്കുകതന്നെ.

(വഴിയിൽ സൂക്ഷിച്ചുനോക്കി കള്ളൻനടന്ന കൽപാടുകൾകണ്ടു സന്തോഷത്തോടുകൂടി)

ശ്ലോകം.

കാണുന്നതുണ്ടുവഴിമദ്ധ്യമതിങ്കലിപ്പോൾ
ചേണാന്നപാദമതു തന്നുടെപാടിതാ! ഞാൻ
ആരെങ്കിലുംവഴി നടന്നിഹപോയതായി-
ട്ടോതുന്നതാരിങ്കലിനിയും പിഴതെറ്റുമില്ലാ.

ദൈവം എന്നെ അനുഗ്രഹിച്ചിരിക്കുന്നു എന്നാണ് തോന്നുന്നത്. ഈ കാൽപാടുകൾ കണ്ടിട്ട ആരോ ഇപ്പോൾ തന്നെയാണ് ഈ വഴി പോയതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

(നാല്പുറവും നോക്കുന്നു. കള്ളൻ മുൻപിൽ ചാടിവീഴുന്നു.)

പച്ചമടലെ എന്ന മട്ടു.

കള്ളൻ— ആരിവിടെ വന്നതെടാ സൈപ്പുമോടികാട്ടിൽ
പോരിനെങ്കിൽ പോരികനീ ധൈര്യമോടെൻനേരെ
ക്രൂരതയേറിടുന്ന എന്നുടെവീര്യാളാൽ
വീരസ്വർഗ്ഗം കാട്ടിടുമേ! ശീഘ്രമിങ്ങുവാടാ!

കച്ചവടം— (ഭയപ്പെട്ടു) ഹാ! ജഗദീശാ! ഞാനിവിടെ എന്താണുചെയ്യുക.

(കള്ളനോടു) ഞാൻ അഗതിയായ ഒരു കച്ചവടക്കാരനാണ്. ദയവു ചെയ്തു എന്നെ ഉപദ്രവിക്കരുതേ!

അവയെ ലക്ഷ്യങ്ങളാൽ തെളിയിക്കാവുന്നതാണ്.

കള്ളൻ— നീന്നെ ഞാൻ ഇപ്പോൾതന്നെ കൊന്നുകളയും.

(കച്ചവടക്കാരനുമായി യുദ്ധംചെയ്യുന്നു. കള്ളൻ കച്ചവടക്കാരനെ വെട്ടി മുറിവേല്പിച്ചു അർദ്ധപ്രാണനാക്കിയശേഷം പണവും അപഹരിച്ചുകൊണ്ടുപോകുന്നു.)

വീണുകിടന്നുകൊണ്ടു—ഗീതം.

"അപ്പാ മകനെ പാമ്പു" എന്ന മട്ടു്.

കച്ച — ഹോ! മാംകൊടുംകാട്ടിൽ ഞാനിന്നുമരിക്കുമോ!
ദൈവമേ! ദൈവമേ! ദൈവമേ!

ആശ്രയമിവനുയ്യോ! നീയൊഴിഞ്ഞാരുമില്ല.
ദൈവമേ! ദൈവമേ! ദൈവമേ.

(അനന്തരം ഒരു യാത്രാ പുരോഹിതൻ പ്രവേശിച്ചു കച്ചവടക്കാരനെ നോക്കുകപോലും ചെയ്യാതെ പോകുന്നു)

കച്ച— കഷ്ടമഖിലവും ഏന്നോടുപൊറുക്കണേ!
ദൈവമേ! ദൈവമേ! ദൈവമേ!
പാപിയാമെനിക്കുനീ മോക്ഷത്തെനൽകിടേണം.
ദൈവമേ! ദൈവമേ! ദൈവമേ!
ചോരനാമവനോടു കാരുണ്യമാർന്നിടേണം.
ദൈവമേ!! ദൈവമേ!! ദൈവമേ!!

തുടരും.

സ്കൂളിൽ അഭ്യസനം ചെയ്യുന്ന കാലത്തു ദുഃസ്വഭാവിയായിജീവിക്കുന്നവൻ പിന്നീടു ലോകവ്യവഹാരങ്ങളിൽ ഏർപ്പെടുന്ന കാലത്തു് ദുഃസ്വഭാവിയായിത്തന്നെ ജീവിക്കും. സ്കൂൾ ചട്ടങ്ങൾ അനുസരിക്കാതെയും സ്കൂൾ അധികാരികൾക്കു കീഴ്പെടാതെയും ജീവിക്കുന്നവൻ പിന്നീടും ഏതു ജോലിയിൽ ഏർപ്പെട്ടാലും തോന്ന്യാസമായ രീതിയിൽ നടന്നു സ്വകൃത്യം നിർവ്വഹിക്കാത്തവനായിരിക്കും. ലോകത്തിൽ ഇന്നു കാണുന്ന ദുഷ്ടപൌരന്മാരെല്ലാം മുൻകാലത്തു സ്കൂളുകളിൽ ദുഷ്ടവിദ്യാർത്ഥികളായിരുന്നവരാണു്. അതിനാൽ വിദ്യാർത്ഥികൾ സൽസ്വഭാവികളായി വളരുക; എന്നാൽ അവർ സൽസ്വഭാവികളായ പൌരന്മാരായിത്തീരും.

കള്ളനാണയങ്ങളും നല്ലനാണയങ്ങളും കാണുന്നുണ്ടല്ലൊ.

മരണത്തോടു നേരിട്ടത്

താഴെ എഴുതുന്നതു മതിരാശി അതിരൂപതയിൽപെട്ട ഒരു കത്തോലിക്ക വൈദികനായ റവ. ഫാദർ ബാർട്ടിലിയുടെ യഥാർത്ഥത്തിൽ സംഭവിച്ച ഒരു സംഗതിയാണ്. ഇതു ഏതാനും കൊല്ലങ്ങൾക്കുമുമ്പു മദിരാശിയിലെ ടൈംസ് പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഫാദർ ബാർട്ട്ലി തന്റെ അനുഭവങ്ങളെക്കുറിച്ചു ഇങ്ങിനെ എഴുതുന്നു:—

"കഴിഞ്ഞ ഞായറാഴ്ച രാവിലെ ഞാൻ കാളഹസ്തിയിൽ കുർബ്ബാന ചൊല്ലേണ്ടതുണ്ടായിരുന്നു. ആ കൃത്യം നിർവ്വഹിച്ചുകഴിഞ്ഞു ഞാൻ പകലായെന്ന സ്ഥലത്തേക്കുപോയി. ഫാദർ സേവ്യറിനെ കാണാനാണു പോയതു്. അദ്ദേഹം ഒരു നാട്ടുവൈദികനാണ്. രാത്രി എട്ടു മണിക്കു ഞാൻ പകലായിൽ എത്തി. ഫാദർ സേവ്യരുടെ വീട്ടിലേക്കു് അരമയിൽ ഉണ്ടായിരുന്നതു മുഴുവൻ നടന്നു. ഞാൻ അന്നവിടെ എത്തുമെന്നു അദ്ദേഹത്തിനു അറിവുണ്ടായിരുന്നു. എന്റെ സുഖത്തിനു വേണ്ടതൊക്കെ ചെയ്തുകൊള്ളണമെന്നു അദ്ദേഹം അവിടെ ചട്ടംചെയ്തിട്ടുണ്ടായിരുന്നു. ഞാൻ അവിടെ ചെന്നസമയം അദ്ദേഹം അവിടെ ഇല്ലായിരുന്നു. അടുത്തെവിടെയോ ഉള്ള ഒരു രോഗിയെ സന്ദർശിപ്പാനായി പോയിരിക്കയായിരുന്നു.

ഞാൻ ഒറ്റയ്ക്കിരിപ്പായി. ആ പ്രദേശം പാറയും കാടും നിറഞ്ഞതായിരുന്നു. ഒരു കുറുവാ തരംനോക്കി അവിടങ്ങളിൽ സഞ്ചരിച്ചു് ആളുകളെ എടുക്കുന്ന പതിവുണ്ടെന്നു അച്ചന്റെ വേലക്കാരൻ പറഞ്ഞു ഞാൻ മനസ്സിലാക്കി. ആകപ്പാടെ വിചാരിച്ചതിൽ നേരത്തെ ഉറങ്ങിക്കളയുന്നതു തന്നെ നല്ലതെന്നുതോന്നി. വീടു വളരെ ചെറിയ ഒന്നായിരുന്നു. അല്പം ഉച്ചുമുള്ള രാത്രിയും ആയിരുന്നു. അതിനാൽ ഞാൻ പുറത്തെ തിണ്ണയിൽ കട്ടിലിട്ടു കിടപ്പായി. കൊതുകിന്റെ ഉപദ്രവം കുറേശ്ശെ ഉണ്ടായി. കൊതുകുവല വല്ലതുമുണ്ടോ എന്നു കൂട്ടിയോടു ചോദിച്ചു. അയാൾക്കു് ഇംഗ്ലീഷും എനിക്കു തമിഴും ഒരേവിധം അപരിചിതമായിരുന്നതിനാൽ അയാൾക്കു എന്റെ ചോദ്യം ശരിയായി മനസ്സിലാക്കുവാൻതന്നെ സാധിച്ചില്ല. അയാൾ എന്തോ ഒന്നുണ്ടെന്നു പറഞ്ഞു് ചെന്നുനോക്കിയ ശേഷം അതു അച്ചൻ കൊണ്ടുപോയിരിക്കുന്നുവെന്നും പറഞ്ഞു കിടക്കാൻപോകയാണു ചെയ്തതു്. ഉഷ്ണമൃഗങ്ങളുടെ സാമീപ്യത്തെ ഭയന്നുകൊണ്ടുതന്നെ ഞാൻ നിദ്രയെധ്യാനിച്ചു.

അപ്രകാരംതന്നെ അതുണ്ടുതങ്ങളുടെ കായ്ത്തിലും.

എത്ര ഉറങ്ങിഎന്നു നിശ്ചയമില്ല. എന്തൊ ഒന്നു വന്നു അതിപരുഷമായ നാവുകൊണ്ടു കാൽനക്കുന്നതായിത്തോന്നി. ഞാൻ ഉണർന്നു നോക്കിയപ്പോൾ കണ്ടതു മുൻകാൽരണ്ടും എന്റെ കിടക്കയിൽ കാല്ലുകായി ഉയർന്നി എന്റെ നേരെ തീനെൽപോലെ തുറിച്ച കണ്ണുകളും മിഴിച്ചു നിന്നിരുന്ന ഒരു കറുത്തിരുണ്ട ഭീമജന്തുവിനെയാണ്. കുറെ നേരത്തേക്ക് ഞങ്ങൾ അന്യോന്യം നോക്കി. അനന്തരം ആ ജന്തു മുരണ്ടികൊണ്ടു താഴെ ഇറങ്ങി. ഞാൻ ശാന്തനിലയെ അവലംബിച്ചവനെപ്പോലെയൊ അഥവാ മൃതനെപ്പോലെതന്നെയൊ കണ്ണുമടച്ചുകിടന്നു. ആ ജന്തു എന്നെ അടിമുതൽ മുടിവരെ മണത്തുനോക്കി.

അതിനുശേഷം എന്തൊ എന്നെ വിട്ടൊഴിയുകയാണ് അതിനു തോന്നിയതു്. അതു തിണ്ണവിട്ടിറങ്ങി വീട്ടിനുപുറം നടന്നുനോക്കിയശേഷം അവിടെനിന്നു മറഞ്ഞു. ഞാൻ സന്തോഷിച്ചു. കട്ടിൽ അല്പം ഒന്നനങ്ങിയൊ എന്നു സംശയം. അപ്പോഴേക്കും ഉണ്ടു് ആ ജന്തു വീണ്ടും എന്റെ ദൃഷ്ടിപഥത്തിൽ ഒരേ ഒരു ചാട്ടം. ആ ജന്തുവിന്റെ മുൻകാലുകൾ രണ്ടും എന്റെ കട്ടിലിന്മേലായി. ഞാൻ കട്ടിലിന്മേൽ വിരിച്ചിട്ടുണ്ടായിരുന്ന ഒരു വലിയ വായൻകമ്പിളിയെടുത്തു മുഖത്തിന്നും എനിക്കും മദ്ധ്യേ പൊക്കിപ്പിടിച്ചു. അതു കണ്ടിട്ട് ആ ജന്തു മാറിപ്പോയ്ക്കൊള്ളട്ടെ എന്നായിരുന്നു എന്റെ വിചാരം. വീട്ടിന്റെ വാതിൽ അടച്ചിരുന്നു. അതിനാൽ സാവധാനത്തിൽ അടുത്തുണ്ടാകാവുന്ന മറുവല്ല മുറികളിലും കയറി രക്ഷപെടാമെന്നുദ്ദേശിച്ച് ഞാൻ പുറകോട്ടു നടന്നു. ജന്തു എന്നെ വിട്ടില്ല. ഞാൻ ഒരിടത്തുചെന്നുകയറി സഹായത്തിനു വിളിച്ചു. കയറിയ സ്ഥലം ഒരു പള്ളത്തൊഴുത്തോ മറ്റൊ ആയിരുന്നതിനാലും അവിടെ ആരും ആ സമയത്തുണ്ടായിരിക്കാഞ്ഞതിനാലും എന്റെ വിളിക്കു ഉത്തരമൊന്നുമുണ്ടായില്ല. എന്തായാലും ഞാൻ ഒറ്റയ്ക്ക് ആ ഭയങ്കര ജന്തുവിന്റെ മുമ്പിൽ പെട്ടുപോയി എന്നു പറഞ്ഞാൽ കഴിഞ്ഞല്ലൊ.

ആ കമ്പിളിയെ എനിക്കും ആ മുഖത്തിനും മദ്ധ്യേ പിടിച്ചുകൊണ്ടുതന്നെ ഞാൻ മെല്ലെ അവിടെനിന്നു പുറകോട്ടു നടന്നു. ജന്തു വല്ലാതെ മുരണ്ടിക്കൊണ്ടു അകലത്തിലായി എനിക്കു വലംവച്ചു. ഞാൻ അപ്പോഴത്തേപോലെ ഹൃദയംഗമമായ പ്രാർത്ഥന ഒരിക്കലും ചെയ്തിട്ടില്ല. ഏകദേശം മുക്കാൽ മണിക്കൂറുനേരം ഞാൻ അതിന്റെ ചലനങ്ങളെത്തന്നെ തിരിഞ്ഞു സൂക്ഷിച്ചുകൊണ്ട് അതിനോടൊപ്പം വലംവച്ചുകൊണ്ടിരുന്നു.

ഞാൻ പിന്നെ പുറകോട്ടനടന്നു അടുത്തുണ്ടായിരുന്ന റെയിൽവെ ലയിനോടടുക്കാമെന്നു വിചാരിച്ചു് അതിനു ശ്രമിച്ചു. അപ്പോൾ ആ ജന്തുവും എന്നെ അനുഗമിച്ചു. അതു അപ്പോഴും വല്ലാതെ മുരണ്ടുകൊണ്ടായിരുന്നു. ഞാൻ വായുൻകമ്പിളിമാത്രം ആയുധമായി അതിനുനേരെ പിടിച്ചിരുന്നതേയുള്ളു. ഞാൻ മറ്റു് പുറകോട്ടു നടന്നു നടന്നു ഭൂമിയിൽ നിന്നു ഒരു മുഴം ഉയരെനിന്ന ഒരു കമ്പിയിൽ മുട്ടിന്റെ പുറകുവശംതട്ടി മലന്നടിച്ചു വീണു. അതു ആ ജന്തുവിനു നല്ലൊരു തരമായി. അതു ഒരു ചാട്ടംചാടി എന്നിൽനിന്നു കുറച്ചു അടിമാത്രം അകലെ എത്തി. ഞാൻ അതിനിടയിൽ എന്റെ പ്രാണനെ ദൈവത്തിന്റെ വശം സമർപ്പിച്ചുകഴിഞ്ഞിരുന്നു. ഞാൻ വീണസ്ഥലത്തിനടുത്തു ഒരു ചെമപ്പു വെളിച്ചം ഉണ്ടായിരുന്നതുകണ്ടു ജനനിട്ടോ എന്തോ ആ ജന്തു ഉടൻതന്നെ മുരങ്ങിക്കൊണ്ടു വാലും പൊക്കി പെട്ടന്നോടി മറയുകയാണ് തൽക്ഷണം ഉണ്ടായതു്. ഞാൻ ഒരുമാതിരി ധൈര്യപ്പെട്ടെഴുനേറ്റു എനിക്കു പാട്ടുള്ളവേഗത്തിൽ ഓടി, അടുത്തുണ്ടായിരുന്ന ഒരു റെയിൽവെ പണിക്കാരന്റെ കുടിലിൽചെന്നു കയറി. കാലിൽ ഒന്നുമിടാതെ ഓടിയതിനാൽ കാൽ പലയിടത്തും മുറിഞ്ഞു ചോര ഒഴുകുന്നുണ്ടായിരുന്നു. കാലിൽ ഒന്നുമിടാതേയും ശരിയായ വസ്ത്രധാരണം ചെയ്യാതേയും ഒരു യൂറോപ്യൻ രാത്രിയിൽ ഓടിച്ചെന്നതുകണ്ടു ആ റെയിൽപണിക്കാരൻ വളരെ അത്ഭുതപ്പെട്ടിരിക്കണം. അയാൾ എന്നോടു എന്തൊക്കെയോ ചോദിച്ചു. ശരിയായ ഉത്തരം പറയത്തക്കവണ്ണമുള്ള മനസ്സിന്റെ ശാന്തത എനിക്കപ്പോഴും ലഭിച്ചിരുന്നില്ല. ഞാൻ ഒരു "നൊസ്സനാ" ണെന്നു അയാൾ ധരിച്ചിരിക്കാം. അയാൾ എനിക്കു ഫ്ലാറ്റുഫോറംമൂണ്ടിക്കാണിച്ചു തന്നു. ഞാൻ അവിടെ എത്തി റെയിൽവെ വെയിറ്റിംഗ് റൂമിൽ ഇരിക്കയും ചെയ്തു.

ഫാരർ സേവ്യർ അഞ്ചു മണിയ്ക്കു് തിരിച്ചു വരികയും ഞാൻ മെന്നിട്ടുണ്ടെന്നുള്ള വിവരം ഭൃത്യനിൽ നിന്നു മനസ്സിലാക്കുകയും ചെയ്തു. കട്ടിലിൽ വന്നു നോക്കുമ്പോൾ എന്നെ അവിടെ കണ്ടില്ല. ഞാൻ രാവിലെ നടക്കാൻ പോയതായിരിക്കാമെന്നു അദ്ദേഹം ചിന്തിച്ചു. എന്നാൽ എന്റെ തൊപ്പിയും വസ്ത്രങ്ങളും അവിടെ കണ്ടതിനാൽ ഞാൻ എങ്ങിനെയാണു് അപ്രത്യക്ഷനായതെന്നു അദ്ദേഹത്തിനു വളരെ സംശയമായി. അദ്ദേഹം എന്നെ അന്വേഷിച്ചുനോക്കിച്ചു് അവസാനം റെയിൽവെ സ്റ്റേഷനിൽ എത്തി. അവിടെ ഞങ്ങൾ തമ്മിൽ കണ്ടുമുട്ടി. എനിക്കു

സാക്ഷാൽ അത്ഭുതങ്ങളേയും തിരിച്ചറിയാൻ ലക്ഷ്യമുണ്ടു്.

ണ്ടായ അനുഭവങ്ങളെല്ലാം ഞാൻ അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു. "ഓ! അതു വില്ലിസ്സിന്റെ കടുവ ആയിരിക്കാം" എന്നു അപ്പോൾ ഫാദർ സേവ്യർ പറഞ്ഞു. "റെയിൽവെ പണിക്കാരൻ മിസ്റ്റർ വില്ലിസ്സിനു ഒരിണങ്ങിയ പുലിയുണ്ട്. അതു രാത്രിയിൽ കെട്ടഴിഞ്ഞു പോയതായിരിക്കാം" എന്നുപറഞ്ഞ് അദ്ദേഹം എന്റെ വസ്ത്രങ്ങളും ചെരിപ്പും വരുത്തുകയും ഞാൻ അതെല്ലാം ധരിച്ച് വീണ്ടും ഒരു സഭ്യോധമുള്ള മനുഷ്യനാകയും ചെയ്തു. എന്നാൽ ആ രാത്രിയിലത്തെ സംഭവം ഒരിക്കലും എനിക്കു മറക്കാൻ കഴികയില്ല. മിസ്റ്റർ വില്ലിസ്സ് അന്നു എവിടെയോ പോയിരുന്നു. അദ്ദേഹം തിരിയെ എത്തി വർത്തമാനം അറിഞ്ഞപ്പോൾ കഴിഞ്ഞ സംഭവത്തെക്കുറിച്ചു വളരെ അനുതപിക്കയും ആ പുലിയെ എനിക്കു സമ്മാനമായി തരികയും ചെയ്തു".

പുലി അഴിഞ്ഞുപോയപ്പോൾ അതിന്റെ യജമാനനെ അന്വേഷിച്ചു പുറപ്പെട്ടു. അങ്ങിനെ ചെന്നപ്പോൾ പുരോഹിതനെ കണ്ടുമുട്ടി. അദ്ദേഹം കമ്പിളികാട്ടിയതു അതിനു രസമായില്ല. ആ ജന്തു അദ്ദേഹത്തിനു വലുവച്ചപ്പോൾ അദ്ദേഹത്തിന്റെ ജീവിതം അപകടത്തിലായിരുന്നു. വില്ലിസ് അതിനെ കുട്ടിക്കാലംമുതൽ വളർത്തുന്നതാണ്. അയാൾക്ക് അതിനോടു വളരെ പ്രിയമായിരുന്നതാനും.

ഫാ-ാംപീയൂസ് മാപ്പിപ്പാ‍ായെ 'അനുഗ്രഹീതൻ' എന്നു പേർവിളിക്കാനുള്ള കായ്വിചാരണ ഫെബ്രുവരി മേയ് മാസത്തിൽ ആരംഭിച്ചതു ഫെബ്രുവരി ശൂലായി 18-ാംനു അവസാനിച്ചു. തിരുമേനി പട്ടക്കാരനായി ജോലിചെയ്ത സ്ഥലങ്ങളിലെല്ലാം അവിടുത്തെ ജീവിതരീതിയെക്കുറിച്ചു അന്വേഷണങ്ങൾ നടത്തി. തിരുമേനിയുമായി അടുത്തു പരിചയമുണ്ടായിരുന്ന റോമിലെ ഒരു വൈദികാദ്ധ്യക്ഷനെ ദിവസത്തിൽ മൂന്നുമണിക്കൂർ വീതം ഒരു മാസം മുഴുവൻ വിസ്തരിക്കയുണ്ടായി. ഇതിൽനിന്നു അന്വേഷണം എത്ര ശ്രദ്ധാപൂർവം നടത്തുന്നുണ്ടെന്നു ഗ്രഹിക്കാം. പ്രസ്തുത പേർവിളിക്കൽ വേഗം നടത്തണമെന്നു പല കർദ്ദിനാളന്മാരും ലോകത്തിന്റെ നാനാഭാഗത്തുനിന്നും അനേകമെത്രാന്മാരും അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ട്. റീത്തുകളുടെ തിരുസംഘം, ശേഖരിച്ചേടത്തോളം തെളിവുകൾ പരിശോധിക്കുന്നതാണ്. അവിടത്തെ അനുകൂലമായ വിധി പ്രസ്താവിക്കുമെന്നാണ് പ്രതീക്ഷ.

'ലൂർദ്ദി'ൽ സാക്ഷാൽ അത്ഭുതങ്ങൾ നടക്കുന്നുണ്ട്.

ആശീർവ്വാദം.

"കഥാചന്ദ്രിക" പത്രാധിപർ അവർകൾക്ക്,

എറണാകുളം.

പെ. ബ. അച്ചാ,

താങ്കൾ നടത്തുന്ന "കഥാചന്ദ്രിക" ബാലന്മാരെ ഉദ്ദേശിച്ചിട്ടുള്ള ഒന്നാണല്ലൊ എന്നുവച്ച് അതു ഞാൻ വായിക്കുക പതിവില്ലായിരുന്നു. പക്ഷേ, സംഗതിവശാൽ അതിന്റെ ഒരു ലക്കം വായിക്കുന്നതിനിടയായപ്പോഴാണ് അതു ചെറുപ്പക്കാർക്കും വൃദ്ധന്മാർക്കും ഒന്നുപോലെ പറ്റിയ ഒന്നാണെന്ന് എനിയ്ക്ക് മനസ്സിലായതു്. അതിപരം അതു ആദ്യന്തം ഞാൻ വായിച്ചു തുടങ്ങി. വായിക്കുന്തോറും മുമ്പോട്ടു മുമ്പോട്ടു പോകണമെന്നുള്ള ജിജ്ഞാസയാണ് ഇതുപര്യന്തം എനിയ്ക്ക് അനുഭവപ്പെട്ടിട്ടുള്ളതെന്ന് ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്.

ഇത്ര വിശിഷ്ടമായ ഈ മാസികാപാരായണത്തിൽനിന്നും അനുഭവിക്കാവുന്ന മഹത്തായ ഗുണം എല്ലാ കത്തോലിക്കാ ജനങ്ങളും അനുഭവിപ്പാൻ ബ: വികാരി അച്ചന്മാർ കഴിയുന്നത്ര ഉത്സാഹിക്കേണ്ടതാണെന്നുള്ളതിൽ ദ്വിപക്ഷത്തിനവകാശമില്ല.

'ചന്ദ്രിക' മൂന്നാമത്തെ വയസ്സിൽ പ്രവേശിക്കുന്നതിനോടുകൂടി അഭിനവമായ തേജസ്സോടും ഓജസ്സോടുംകൂടി കേരളത്തിലെ ഓരോ കത്തോലിക്കാ കുടുംബങ്ങളിലും പ്രവേശിച്ച് ആ ചന്ദ്രതാരം പ്രകാശിക്കുവാൻ ദൈവം ഇടയാക്കട്ടെ. അച്ചന്റെ സദ്ഭ്രമങ്ങൾക്ക് ദൈവാനുഗ്രഹം ഉണ്ടാകുമാറാകട്ടെ !!

എന്ന് ചങ്ങനാശേരി രൂപതയുടെ

അഡ്മിനിസ്ട്രേറ്റർ അപ്പസ്തോലിക്കാ

മോൺസിഞ്ഞോർ, ജേക്കബ് കല്ലറയ്ക്കൽ.

25-8-'27. (ഒപ്പ്.)

അവയെ ലക്ഷ്യങ്ങളാൽ തെളിയിച്ചിട്ടുണ്ട്,

ഒരു വിശേഷമായ തീർത്ഥയാത്ര.

———:o:———

(റവ. ഫാദർ തോമസ് തളിയത്ത്.)

(നടന്ന കഥ.)

നേരം അസമയമായി. റോമായിലെ വിശുദ്ധ പത്രോസിന്റെ ദേവാലയത്തിന്റെ മുൻവശത്തുള്ള സ്തംഭങ്ങളുടെയിടയിൽക്കൂടി ഒരു പട്ടക്കാരൻ കടന്നുപോകുന്നുണ്ടായിരുന്നു. "ദൈവത്തിനു സ്തോത്രം, ദൈവത്തിനു സ്തോത്രം, ഞാൻ ഇതാ ഇവിടെ റോമയിൽ എത്തിക്കഴിഞ്ഞു" എന്നു് ഒരബല, ക്ഷീണിച്ച സ്വരത്തിൽ പറയുന്നതുകേട്ടു പുരോഹിതൻ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു ഒരു കിളവിയെ ആയിരുന്നു. ആ ക്ലനിയായ കിഴവി തീർത്ഥയാത്രയ്ക്കുള്ള വസ്ത്രമാണു് ധരിച്ചിരുന്നതു്. വസ്ത്രം കീറിത്തുടങ്ങിയതും ചേറും ചളിയും പുരണ്ടതുമായിരുന്നു. ഒരൊറ്റ മുണ്ടു് അവരുടെ നരച്ച തലയിലും ധരിച്ചിരുന്നു.

"അമ്മാമ്മേ, ഈ അസമയത്തു നിങ്ങളെന്താണ് നോക്കുന്നതു്" എന്നു പട്ടക്കാരൻ ചോദിച്ചു.

കിളവി :— എനിക്കു പരിശുദ്ധ പിതാവിനെ കാണണം. ഇന്നു അതിനു സമയം കഴിഞ്ഞുപോ?

വൈദികൻ :— സമയം കഴിഞ്ഞിട്ടു വളരെയായെന്നാണ് തോന്നുന്നതു്. നിങ്ങൾ എവിടെനിന്നു വരുന്നു?

കിള :— ഞാൻ ഓബറാമെർഗാവിൽനിന്നാണ് വരുന്നതു്.

വൈദി :— ബവേയ്യയിൽ കഷ്ടാനുഭവനാടകം അഭിനയിക്കുന്ന സ്ഥലമായ ഓബറാമെർഗാവിൽനിന്നോ?

കിള :— അതെ, അവിടെനിന്നുതന്നെ. ഞാൻ ഇപ്പോൾ റോമയിൽ എത്തിയതേയുള്ളൂ. എനിക്കു് പരിശുദ്ധ പിതാവിനെ കണ്ടിട്ടു കാര്യമുണ്ടു്.

വൈദി :— നിങ്ങൾ വഴിയാത്രകൊണ്ടു് വല്ലാതെ തളർന്നിരിക്കണമല്ലൊ.

കിള :— ഓ, കുറെ ക്ഷീണമുണ്ടു്. ഞാൻ കാൽനടയായിട്ടാണ് വന്നതു്.

വൈദി :— കാൽനടയായിട്ടോ? മുഴുവൻ വഴിയും അല്ലായിരിക്കാം.

കിഴ :— മുഴുവൻ കാൽനട തന്നെ, അച്ചാ.

മനുഷ്യൻ തന്റെ കർത്തവ്യങ്ങളെ അറിയേണ്ടതാണ്.

വൈദി:— മുഴുവനുമോ? അയ്യോ, റെയിൽവെ കണക്കിനുതന്നെ വ്യാ മയിൽ വരുമല്ലോ.

കിള:— അതെ അച്ഛാ, കായ്ക്കും ശരി; പക്ഷെ, എനിക്കു റോമയിൽ പോ ണം. പരിശുദ്ധ പിതാവിനെ കാണണം, എന്ന വിചാരം മാത്ര മേയുണ്ടായിരുന്നുള്ളൂ.

വൈദി:— യാത്രയ്ക്ക് എത്രനാൾ വേണ്ടിവന്നു?

കിള:— എട്ടാഴ്ച.

വൈദി:— എട്ടാഴ്ച; അതായതു രണ്ടു മാസമൊ? അതും നിങ്ങളുടെ പ്രാ യത്തിൽ.

കിള:— എനിക്കു രെ വയസ്സായി.

വൈദികൻ ആകപ്പാടെ വളരെ വിസ്മയിച്ചു. അനന്തരം അദ്ദേഹം ഇ ങ്ങിനെ ചോദിച്ചു.

വൈദി:— അമ്മാമ്മ ഏതു വഴിക്കാണ് വന്നതു്?

കിള:— അതൊന്നും എനിക്കു നിശ്ചയമില്ലച്ഛാ, "എനിക്കു റോമയിൽ പോകണം, പരിശുദ്ധ പിതാവിനെ കാണണം" എന്നു ഞാൻ പറ യും. അപ്പോൾ റോമയിലേയ്ക്കുള്ള വഴി ആളുകൾ പറഞ്ഞുതരും. ഇങ്ങിനെയാണ് ഞാൻ പോന്നതു്.

വൈദി:— അമ്മാമ്മ ഏതെല്ലാം നഗരം കടന്നാണ് പോന്നതെന്നു നി ശ്ചയമുണ്ടോ?

കിള:— എനിക്കൊന്നും നിശ്ചയമില്ല. നഗരങ്ങൾ പലതു കടന്നു. അ തൊന്നും ഞാൻ ശ്രദ്ധിച്ചില്ല. റോമയിൽ എത്തി പരിശുദ്ധ പിതാ വിനെ കാണുന്ന വിചാരം മാത്രമേ എനിയ്ക്കുണ്ടായിരുന്നുള്ളൂ. ആദ്യം ജനങ്ങൾ ജെർമ്മൻ ഭാഷ സംസാരിച്ചു. പിന്നെ കുറെ കഴിഞ്ഞ പ്പോൾ സംസാര ഭാഷ ഇറാല്യനായി. എനിയ്ക്ക് യാതൊന്നും മ നസ്സിലായില്ല. എന്നാലും റോമ റോമ എന്നു ഞാൻ പറഞ്ഞതു അ വർക്കെല്ലാം മനസ്സിലായി.

വൈദി:— ഈ രണ്ടു മാസക്കാലം അമ്മാമ്മ എവിടെയാണ് കിടന്നുറ ങ്ങിയതു്?

കിള:— വഴിയിലെ മരത്തിന്റെ മുവട്ടിലും വയ്ക്കോൽ കൂട്ടിലും എല്ലാമാ യിട്ടു കഴിഞ്ഞു. അപൂർവ്വം ചിലപ്പോൾ ചില നല്ല ജനങ്ങൾ

എന്നെ അവരുടെ വീടുകളിലേയ്ക്കു് ക്ഷണിക്കയും ഭക്ഷണം തരികയും ചെയ്തു. ഒരിക്കൽ ഒരു ടവ്വണിൽ കടപ്പുറത്തുവെച്ചു് ഒരു നല്ലയാൾ എനിയ്ക്കു് ഓ ലയർ നാണയം തന്നു. ദൈവം അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ. ആ പണത്തിൽ കുറെ ഇനിയും എന്റെ കൈവശത്തിലുണ്ടു്. ഇതാ, പരിശുദ്ധ പിതാവിനും ഞാൻ ചിലതൊക്കെ കൊണ്ടുവന്നിട്ടുണ്ടു്? ഒന്നും കൊണ്ടുവരാതെയല്ല ഞാൻ വന്നതു്. ഇതുയും പറഞ്ഞിട്ടു് കിഴവി തന്റെ കൈവശമുണ്ടായിരുന്ന കൈ ബേസ് അഴിച്ചു കാണിച്ചു. അതിൽ കുറെ ചിത്രക്കാർഡുകളാണുണ്ടായിരുന്നതു്. ചിത്രങ്ങളാകട്ടെ ഓബറാമെർഗാവു എന്ന തന്റെ സ്ഥലത്തുള്ള ഓരോ സാധനങ്ങളുടെതായിരുന്നു.

കിള :— ഇതെല്ലാം പരിശുദ്ധ പിതാവിനു് കൊണ്ടുവന്നിട്ടുള്ളതാണു്. ഓബറാമെർഗാവു എങ്ങിനെയാണിരിക്കുന്നതെന്നു് ഇവയിൽനിന്നു് അവിടെയ്ക്കു് കാണാമല്ലൊ.

വൈദി :— അമ്മാമ്മ വഴിക്കെന്തു ചെയ്തിരുന്നു?

കിള :— ഞാൻ പരിശുദ്ധ പിതാവിനുവേണ്ടി ജപമാല എത്തിക്കയും എന്റെ കാവൽ മാലാഖയോടു് പ്രാർത്ഥിക്കയും ചെയ്തുകൊണ്ടിരുന്നു.

വൈദി :— ഈ രാത്രി അമ്മാമ്മ എവിടെ താമസിക്കും?

കിള :— നേരം വെളുക്കുന്നതുവരെ ഞാൻ ഇവിടെത്തന്നെയിരിക്കും. അധികം വയസ്സായാൽ പിന്നെ ഉറക്കം നന്നെ കുറയും. തണുക്കാതെയിരിക്കുന്നതിനായി ഞാൻ ഇവിടെ നടന്നുകൊണ്ടിരിക്കാം. പരിശുദ്ധ പിതാവിന്റെ സാമീപ്യം എന്നെ വളരെ സന്തോഷിപ്പിച്ചിരുന്നു. നാളെ രാവിലെ എനിയ്ക്കുവിടത്തെ കാണാമോ?

വൈദി :— നിശ്ചയമായും കാണാം. അക്കാര്യം ഞാനേറ്റു. ലവലേശം ഭയപ്പെടേണ്ട.

കിള ; — അച്ചാ, അങ്ങേയ്ക്കു് വളരെ വന്ദനം. ഇതിനു ദൈവം അങ്ങയ്ക്കു് പ്രതിഫലം തരട്ടെ. എനിയ്ക്കു് എത്ര സന്തോഷമാണുള്ളതെന്നു് പറവാൻ വഹിയാ.

അനന്തരം വൈദികൻ അവിടെ ഒരു കന്യകാമഠത്തിൽ ചെന്നു് അത്താഴം കഴിച്ചു സുഖമായി കിടന്നുറങ്ങുവാൻ അവരോടു് ആവശ്യപ്പെട്ടു എങ്കിലും താൻ പരിശുദ്ധ പിതാവിന്റെ ജനാലകൾ കണ്ടുകൊണ്ടു്

അവിടെ തന്നെ നിന്നുകൊള്ളാമെന്നു് അവർ പറഞ്ഞതേയുള്ളൂ. വൈദികൻ വളരെ നിർബ്ബന്ധിക്കയാൽ അവർ അവസാനം അദ്ദേഹത്തിന്റെ ആഗ്രഹംപോലെ ചെയ്തു. പക്ഷെ ഉറക്കം അവരെ ആ രാത്രി സന്ദർശിച്ചുവോ എന്നുള്ളതു് വളരെ സംശയമാണു്.

പരിശുദ്ധ പിതാവു് ആ കിളവിയെ എത്ര സന്തോഷത്തോടുകൂടിയാണു് സ്വീകരിച്ചതെന്നും, ആ പാവപ്പെട്ട രണ്ടു വയസ്സുള്ള തന്റെ പൂമ്പിയെ അവിടുന്നു് എപ്രകാരം ആശീർവദിച്ചുവെന്നും ഉള്ളതു് പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. അവർക്കു് നാട്ടിലേയ്ക്കു് സുഖമായി തിരിച്ചുപോകേണ്ടതിലേയ്ക്കു് വേണ്ട സകല വഴിപ്പാടും ചെയ്യാണു് പിതാവു് ആ പൂമ്പിയെ വിട്ടതു്.

—••ഇട്ടം••—

ബ്രിട്ടണിയിലെ ഒരു കഥ.

യൂറോപ്പിൽ ബ്രിട്ടണി എന്നൊരു രാജ്യമുണ്ടു്. അവിടത്തുകാരുടെ പരിശുദ്ധ കന്യക മറിയത്തിന്റെ മാതാവായ വിശുദ്ധ അന്നാഭഗവതിയോടു വളരെ ഭക്തിയാണു്. ഒരിക്കൽ ബ്രിട്ടണിക്കാർ ഒരു നൊബിക്കുട്ടിയെ കൂട്ടിലേക്കു കൊണ്ടുപോയി. അവിടെ ആ കുട്ടിയുടെ കാലു് മാതാവിന്റെ സഹായത്താൽ അത്ഭുതമായി സുഖപ്പെടണമെന്നു അവർ അപേക്ഷിച്ചു. എന്നാൽ അവരുടെ അപേക്ഷ ഫലപ്പെട്ടില്ല. കുറെനാൾ അവിടെ താമസിച്ചതിന്റെശേഷം അവർ ഇടവാഭംഗപ്പെട്ട മടങ്ങുവാൻ തീർച്ചപ്പെടുത്തി. പുറത്തേക്കു കടന്നപോന്നപ്പോൾ മുടന്തുള്ള കുട്ടി പുറകോട്ടുതിരിഞ്ഞു മാതാവിന്റെ പ്രതിമയെ നോക്കി ഇങ്ങനെ പറഞ്ഞു:— ഞാൻ മടങ്ങി വീട്ടിലേക്കു ചെല്ലട്ടെ. നിന്റെ അമ്മയോടു ഈ സംഗതിപറഞ്ഞു നല്ല തല്ല കൊള്ളിച്ചേക്കാം.» ഇതു പറഞ്ഞ ക്ഷണത്തിൽ കുട്ടി പൂർണ്ണ സുഖം പ്രാപിച്ചുവെന്നാണു ഐതിഹ്യം.

* * *

മാനുവേൽ റിബേയിരോ എന്ന പോർത്തുഗാളിലെ ഒരു സാഹിത്യകാരൻ മതദ്വേഷകരമായ അനേകം ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. ഈയിടെ അദ്ദേഹം അനുതപിച്ചു കത്തോലിക്ക സഭയ്ക്കു കീഴ്പ്പെടുകയുണ്ടായി.

അതിനാൽ മതപഠനം മനുഷ്യനു ആവശ്യമാകുന്നു.

ഒരു ശിശുവിന്റെ പ്രാർത്ഥന.

(ശ്രീമതി മേരീ ജോൺ തോട്ടം.)

൪൯-ാം പെയിജിൽ നിന്നു തുടർച്ച.

16 ഇരുകൈകളുമുന്നിയും പരം
വിഷമിച്ചും വലുതായ കല്പടി
പലതും കയറീട്ട പള്ളിത
ന്നരികേശിശുമനസ്സുഖോലകൻ.

17 ഒരു വാതിൽ തുറന്നു കണ്ടുടൻ
മടിയെന്യേയകമേ കടന്നവൻ
ചെറുമുട്ടുകുന്നിയാനിലത്തരുമക്കൈകളണച്ചുനെഞ്ചിലും.

18 പരമാർത്ഥതയാൽ വിളങ്ങുമാ
നയനങ്ങളുദ്ധമായ് പതിച്ചവൻ
ബലിപീഠമതിനു മേലിരി-
പ്പൊരുസക്രാരിയതിന്റെ വാതി
(ലിൽ

19 മനുജാകൃതി പൂണ്ടിറങ്ങിവ-
ന്നൊരുമാലാഖകണക്കിതേവിധം
ഒരു പത്തുമിനിട്ടനേരമാ-
നിലയിൽതന്നെകഴിച്ചുബാലക
(ൻ.

20 "ചെറുകുട്ടികളെ പ്രിയപ്പെട്ട-
ന്നൊരു കുഞ്ഞുണ്ണിയെയൊന്നു കാ
(ണണം.
മമ സങ്കടമാകെയോതണം
മടിയെന്തിന്നു? ദയാലുവാണതാ
(ൻ.

21 പരമാർത്ഥതയോടിരക്കുവോ-
ർക്കരുളും വേണ്ടതു സർവ്വമെന്നിദം
പിറവിത്തിരുനാളിനമ്മചൊ-
ന്നൊരു വാക്യത്തെ മറന്നതില്ല
(ഞാൻ

22 അവിടുന്നു വസിച്ചിടുന്നൊരാ
മുറിയോതെല്ലയരത്തിലാകയാൽ
അതിലവൻ ചെവടെകകുളെത്തുകി
ല്ലതിനന്തോന്നിഹ ചെയ്തിടേ
(ണ്ടൂ" ഞാൻ?

23 ഇതുമട്ടു നിനച്ചുമന്ദമ-
ഞ്ഞെഴുനേറാപരമാർത്ഥബാലക
(ൻ
ബലിപീഠമതിന്നടുത്തുചെ-
ന്നകമേനിസ്സലക്കേതിയുകുതനാ
(യ്.

24 ഒരു നല്ല കുസരുനീകിയി-
ട്ടതിലേറീട്ടൊരുശങ്കയെന്നിയേ
ബലിപീഠമതിന്നുമേലണ-
ഞ്ഞതിമോദത്തൊടിരുന്നു ബാല
(കൻ

25 ചെറുകൈകളിലൊന്നയത്തിയ-
ച്ചെറുസക്രാരിയതിന്റെ വാതി
(ലിൽ
മൃദുവായൊരു മുട്ടുമുട്ടിയി-
ട്ടവിടെത്തൻ ചെവിവച്ചു പാർത്ത
(വൻ

26 ഒരുശബ്ദവുമില്ല; പൈതലാ
ക്രിയയെത്തന്നെതുടർന്നുപിന്നെയും
ഫലമില്ലതിലെന്നു കണ്ടവൻ
വിനയത്തോടുപറഞ്ഞിതേവിധം.

27 "ചെറുകുട്ടികളെ പ്രിയപ്പെട്ട-
ന്നൊരുകുഞ്ഞുണ്ണിയുറങ്ങിടുന്നു
(വോ?

മനുഷ്യന്റെ വില അവന്റെ സുഖാനുഭോഗത്തെ ആശ്രയിക്കുന്നില്ല.

അഥവാമുറിപൂട്ടിയിട്ടതാൻ
വെളിയിൽപോയ് വിഹരിച്ചിട്ട
(ന്നുവോ?

28 ചെറുപൈതലിവൻ വിളിയ്ക്കുമീ
വിളികേൾക്കായ്ക്കയ്യതിനെന്തുകാരണം
മുറിയൊന്നതുറക്കണേ! കനി-
ഞ്ഞൊരു സന്താപമുണർത്തിടട്ടെ
(ഞാൻ!

29 ഉടനുള്ളതുമുള്ളിൽ നിന്നുകേ-
ട്ടൊരുശബ്ദം സുരലോകമോഹനം
സരളം, മൃദുളം; സുധാരസം
കരളിൽ ചേർത്തിതു പൈതലിന്ന
(ഹോ?

30 "മമകുഞ്ഞു സഹോദരാ! സദാ-
നിവസിക്കുന്നിഹദിവ്യ പൈതൽ
(ഞാൻ.
കുളിയും കുളിയുണർക്കമെ-
ന്നവയിപ്പൈതലിനില്ലൊരിക്കലും.

31 പരമാർത്ഥത, ജീവനുള്ളതാ-
മൊരുവിശ്വാസവുമുള്ളവക്കടൻ

കുറവെന്നിയെ വേണ്ടതൊക്കയ-
ങ്ങരുളും സ്നേഹിതനേകനാണു
(ഞാൻ.

32 പറയാംതവവാഞ്ഛിതങ്ങളെൻ
പ്രിയകുഞ്ഞേ! മടിവേണ്ടതെല്ലുമേ
ചെറുകുട്ടികളെന്നെറിയിപ്പരാ-
ണതുമുമ്പേയറിയാത്തതല്ലുനീ "

33 കരളിൽ കുളിരുന്ന കേൾവിയാ-
ലുടനേ ബാലകനാരിയിപ്രകാരം
"പനിയൊന്നുവലഞ്ഞിടുന്നൊരെ
(ൻ
ജനയിത്രിക്കു സുഖം ലഭിക്കണം.

34 അതുമല്ല, വിശപ്പിനപ്പുറം
തരണം ഞങ്ങൾ ദരിദ്രരാകയാൽ
ഇതു രണ്ടുമെനിക്കു പോരുമെൻ
പ്രിയ കുഞ്ഞുണ്ണി! കനിഞ്ഞിടട്ടെ
(ണമേ!"

35 "തരു വനിതുരണ്ടു, മാശുചി-
ച്ചുടനേ പോകുക വീട്ടിലേക്കുനീ",
അവനീമൊഴിയാക്കു കേട്ടലം
കുതുകത്തോടുമടങ്ങിയപ്പോഴേ.
തുടരും.

എന്റെ കുഞ്ഞാപ്പുസ്തകം.

കുട്ടികൾക്കും പ്രായംചെന്നവർക്കും ദിവ്യപൂജനേരത്തു ഉപയോഗിക്കാൻ പറ്റിയവിധം ഏറ്റവും ലളിതമായ രീതിയിലും ചെറുവാചകങ്ങളിലും എഴുതി പ്രസിദ്ധികരിച്ചിരിക്കുന്ന ചെറുപുസ്തകമാണ് എന്റെ 'കുഞ്ഞാപ്പുസ്തകം'. ആദ്യത്തെ പതിപ്പിന്റെ മുഴുവൻ പ്രതികളും ഏതാനും മാസങ്ങൾകൊണ്ടു വിറ്റുതീർന്നു. രണ്ടാംപതിപ്പു തയ്യാറായിരിക്കുന്നു. ഈ ചക്രം വിലവരുന്ന ഇപ്പുസ്തകം എല്ലാ കുട്ടികളും വാങ്ങി ഉപയോഗിക്കേണമെന്നു ഞങ്ങൾ പ്രത്യേകം ശുപാർശ ചെയ്യുന്നു. ഇപ്പുസ്തകത്തിന്റെ ഗ്രന്ഥകർത്താവു എന്നന്നിലയിൽ ബ. മത്തായി അച്ചൻ കേരളിയ കത്തോലിക്കരുടെ കൃതജ്ഞതയെ സംശയമെന്യേ അർഹിക്കുന്നുണ്ടു്.

അപേക്ഷിക്കേണ്ടും മേൽവിലാസം:—ജനറൽ സെക്രട്ടറി, കൺ
വർഷൻ ലീഗ് പുത്തൻപള്ളി, വരാപ്പുഴ.

നമ്പർ-൧൦ നമ്പ്ര് മുറിയിലെ ദീനക്കാരി.

യഥാർത്ഥ സംഗതികളെ ആസ്പദമാക്കിയിട്ടുള്ള ഒരു കഥ.

ആസ്പത്രിയുടെ വരാന്തയിൽ കൊളുത്തിയിരുന്ന ദീപത്തിന്റെ പ്രഭ നമ്പർ-൧൦ നമ്പ്ര് മുറിയിൽ പ്രതിഫലിച്ചു. ആ മുറിയ്ക്കകത്തു കിടക്കുന്ന രോഗിയുടെ ഫഫ്രൂരശബ്ദമല്ലാതെ മറ്റൊന്നും തന്നെ ആ പ്രാന്തവേളയുടെ പ്രശാന്തതയെ ഭഞ്ജിച്ചിരുന്നില്ല. ആ മുറിയ്ക്കകത്തെ രോഗിണി മദ്ധ്യവയസ്സായ ഒരു സ്ത്രീയായിരുന്നു. അവർ ആസ്പത്രിയിൽ വന്നിട്ട് രണ്ടാഴ്ച ആയതേയുള്ളൂ. അവരെ പീഡിപ്പിച്ചിരുന്നതു ന്യുമോണിയാ ആയിരുന്നുവെന്നു. അവർ താമസിയാതെ മരിയ്ക്കുമെന്നാഹിരുന്ന ഡോക്ടർമാർ അഭിപ്രായപ്പെട്ടതു്. ഈ സ്ത്രീയുടെ പേർ മിസ്സസ് കോമ്പ്ടറൻ എന്നായിരുന്നു.

മിസസ് കോമ്പ്ടറനെ ശുശ്രൂഷിച്ചിരുന്ന പരിചാരികയുടെ മുഖഭാവം വല്ലാതെയായിത്തുടങ്ങി. ആ യുവതിയുടെ പേർ മിസ്സ് കോർഡർ എന്നാണു്. അവർ തമ്മിൽ നേരത്തെ തന്നെ വലിയ സ്നേഹമായിരുന്നു. ആ പരിചയം പ്രമാണിച്ചു തന്റെ ശുശ്രൂഷയ്ക്കു മിസ്സ് കോർഡരെ തന്നെ പ്രത്യേകം ആവശ്യപ്പെട്ടു വരുത്തിയതുമായിരുന്നു. തന്റെ സംബന്ധികൾക്കു അതത്ര മാനമായും ഇല്ല. എന്തെന്നാൽ മിസ്സ് കോർഡർ ഒരു കത്തോലിക്കാക്കാരിയും, രോഗിണിയും കൂട്ടുകാരും പ്രോട്ടസ്റ്റാൻറു സഭയിൽ പെട്ട പ്രസ്ബിറ്റീരിയൻ വർഗ്ഗക്കാരും ആയിരുന്നു. ടി. സഭക്കാർ കത്തോലിക്കരോടു വെറുപ്പുള്ളവരാണല്ലൊ. കാര്യം ഇങ്ങനെ ഒക്കെ ആണെങ്കിലും മിസസ് കോമ്പ്ടറനും അവരുടെ ഏക പുത്രനായ ബെർണാഡിനും ആ പരിചാരികയിൽ വളരെ പ്രീതിയാണുണ്ടായിരുന്നതു്. ബെർണാർഡു അവളെ മുംബിയ്ക്കുകൂടി ചെയ്യാറുണ്ടു്.

ആ പരിചാരിക അദ്ധ്യാത്മകാര്യങ്ങളിൽ കൂടെ മനസ്സു പതിഞ്ഞവർ ആയിരുന്നു. ആ യുവതിയ്ക്കു് തന്റെ ജപമാലയിൽ വലിയ വിശ്വാസമായിരുന്നു. തന്റെ രോഗിണി ഉറങ്ങുന്നതായ അവസരത്തിലെല്ലാം ഈ സ്ത്രീ മാലയുമെടുത്തു ജപിച്ചുകൊണ്ടിരിക്കും. കൂടാതെ, പ്രതിദിനം രോഗിണിയെ വന്നു സന്ദർശിച്ചുപോകുന്നതിനു ആ സ്ത്രീ ഒരു പട്ടക്കാരനേയും പറഞ്ഞേപ്പെടുത്തിയിരുന്നു.

ആ വൈദികൻ താമസിച്ചിരുന്നതു ആസ്പത്രിയിൽനിന്നു അല്പമാത്രം അകലെ ആയിരുന്നു. എല്ലാ ദിവസവും രാവിലെ അദ്ദേഹം കുമ്പാനച്ചൊല്ലും. അതിനു ശേഷം ആസ്പത്രി സന്ദർശിക്കും. അദ്ദേഹം അതിപ്രസന്നനായിരുന്നു. തന്റെ നിമ്മലതയാലും പ്രസന്നതയാലും ചുറ്റുമുള്ള സകലരേയും അദ്ദേഹം ആനന്ദിപ്പിക്കയും ചെയ്തു. കത്തോലിക്കരുടേയും അന്യരുടെയും പ്രേമവിശ്വാസങ്ങൾക്കു ഒരേവിധം പാത്രമായിരുന്ന അദ്ദേഹത്തിന്നു, പലരോഗികളേയും ആസന്നമരണാവസ്ഥയിൽ സമ്പൂർത്തിനിവകാശികളാക്കിത്തീർക്കാൻ സാധിച്ചിട്ടുണ്ടു്.

ആ രാത്രി മിസ്സ് കോമ്പ്റാനു് മാല്ല പതിവുള്ളതുപോലെ മിസ്സ് കോർഡക്കു തോന്നി. കോമ്പ്റാന്റെ നാഡിയുടെ സ്പന്ദനങ്ങൾ തന്നെ മന്ദഗതിയിലായി. അവർ നേരം വെളുക്കുന്നതുവരെ ജീവിക്കുമോ എന്നു തന്നെ കോഡക്കു സംശയം തോന്നി. പ്രഭാതസൂര്യദീപ്തികൾ ജനലുകൾക്കിടയിലൂടെ മുറിയ്ക്കകത്തേയ്ക്കു ഒളിഞ്ഞു നോക്കിത്തുടങ്ങിയതുവരെ "ഇപ്പോൾ പ്രാണൻ പോകും; ഇപ്പോൾ പ്രാണൻ പോകും" എന്ന നിലയിൽ ചിന്തിച്ചതന്നെ കഴിച്ചുകൂട്ടി. എഴുമണിയ്ക്കു് മറെറാരു പരിചാരിക വന്നു കോർഡനെ ഒഴിവാക്കി. കോർഡർ രാത്രിയിലത്തെ ശുശ്രൂഷക്കാരി ആയിരുന്നു. കോർഡർ നേരെ ദേവാലയത്തിൽ ചെന്നു കുമ്പാനകണ്ടു അതിനു ശേഷം പട്ടക്കാരനോടു വിവരങ്ങൾ പറവാനായി അങ്ങോട്ടേയ്ക്കു ചെന്നു.

പട്ടു:— നിങ്ങളുടെ രോഗിയ്ക്കു സുഖപ്പെടുമോ?

കോർ:— ഇല്ലച്ചാ; വളരെ മോശമായി സ്ഥിതി; അവർ വൈകുന്നേരംവരെ ഇരിക്കുമോ എന്നു തന്നെ സംശയം. അച്ചൻ ദയവായി ഒന്നു പോയി കാണണം.

പട്ടു:— നിശ്ചയമായും.

ഫാദർ മുള്ളനിയ്ക്കു് (പട്ടക്കാരന്റെ പേരതാണു്) മിസസ് കോമ്പ്റനെക്കാണുന്നതു വളരെ സന്തോഷമായിരുന്നു. ആ സാധുസ്ത്രീയുടെ ക്ഷമാഹീനത്തെ അദ്ദേഹം വളരെ വിലവച്ചിരുന്നു. അവൾ സാധാരണ ഒരു രോഗിണി അല്ലെന്നു അദ്ദേഹം അനുമാനിച്ചു. കോമ്പ്റന്റെ ശാന്തതയുടെയുള്ളിൽ സ്വഭാവാതീതമായ എന്തോ ഒന്നു കിടന്നു കളിയ്ക്കുന്നതായി അദ്ദേഹത്തിനു തോന്നി. അതെന്താണെന്നൊട്ടു മനസ്സിലായതും ഇല്ല. 'സാധാരണ വന്നു പോകുന്ന ഒരു സ്നേഹിതൻ' എന്നുള്ളതിലധികമായി യാതൊന്നും തന്നെ ആ സ്ത്രീ പുരോഹിതനെ

അതു് അന്യരുടെ ജീവിതത്തെ സ്പർശിക്കുന്നു.

ക്കുറിച്ചു വിചാരിച്ചതായി പ്രത്യക്ഷപ്പെടുത്തിയിരുന്നില്ല. അവർക്കു പട്ടക്കാരനോടു വളരെ ബഹുമാനവും കൃതജ്ഞതയും ഉണ്ടായിരുന്നു. എന്നാൽ ആ കൃതജ്ഞത എല്ലായ്പോഴും ഒരു അകത്തോലിക്കനേറെതായിരുന്നു. ആ സ്ത്രീ നല്ല സ്ഥിരമായ വിശ്വാസമുള്ള ഒരു പ്രസ്ബിറ്റീരിയൻ മാത്രമാണെന്നു വിചാരിക്കാനേ അദ്ദേഹത്തിനു സംഗതിയുണ്ടായിട്ടുള്ളൂ. അദ്ദേഹം മതത്തെക്കുറിച്ചു വളരെയൊന്നും അവരോടു സംസാരിക്കാറുണ്ടായിരുന്നില്ല.

ഫാദർ മുള്ളനി നിശ്ശബ്ദമായി ആസ്പത്രിമുറിയിൽ കടന്നപ്പോൾ സമയം മിസ് കോർഡർ പറഞ്ഞതു ശരിയാണെന്ന് അദ്ദേഹത്തിനു തോന്നി. രോഗിണിയുടെ മുഖഭാവത്തിനും സ്ഥിതിയ്ക്കും അതുണ്ടു ഭേദഗതി സംഭവിച്ചിരുന്നു. എങ്കിലും പട്ടക്കാരനെ തിരിച്ചറിവാനും ഒരു പുഞ്ചിരികൊണ്ടു അദ്ദേഹത്തിനു സ്വാഗതം പറവാനും അവർക്കു സാധിച്ചു.

പട്ടക്കാരൻ ആരോഗ്യസ്ഥിതിയെക്കുറിച്ച് അന്വേഷിച്ചു. വളരെ പ്രയാസപ്പെട്ടാണ് അതിന്നവർ ഉത്തരം പറഞ്ഞതു്. അനന്തരം അദ്ദേഹം പ്രസന്നതയോടെ അവരെ സമാശ്വസിപ്പിച്ചിട്ടു്, നാളെ വന്നു കൊള്ളാമെന്നും അപ്പോഴേയ്ക്കു സുഖക്കേടു വളരെ വാശിയായിക്കാണുമാനിടവരുമെന്നും പറഞ്ഞ് അവിടെനിന്നുപോയി.

ആ സ്ത്രീയിൽ തറിച്ചു് അനല്പമായ കൗതുകത്തെ ഉൽപാദിപ്പിച്ചിരുന്ന ആ സ്വഭാവാതീത മഹിമ എന്തെന്നു അദ്ദേഹം പലപ്പോഴും ചിന്തിച്ചു. രോഗത്തിന്റെ പീഡ അവർ ധൈര്യത്തോടും ക്ഷമയോടും കൂടെ സഹിയ്ക്കുന്നുണ്ടായിരുന്നുവെന്നുള്ളതിനു സംശയമില്ല. ഈ ലോകത്തിലുള്ളതല്ലാത്ത എന്തോ ഒരു ശക്തി ആ സ്ത്രീയ്ക്കു ധൈര്യത്തേയും ക്ഷമയേയും പ്രദാനം ചെയ്തിരുന്നു. കോമ്പ്റ്റൻ തന്നോടു സംസാരിപ്പാനാവശ്യപ്പെടുന്നതായി പറയാൻ കോർഡർ എത്തിയേയ്ക്കുമെന്നു വിചാരിച്ചു തന്നെ അദ്ദേഹം കുറെനേരം കഴിച്ചു കൂട്ടി. അതു വെറും ഒരാശമാത്രമായിത്തന്നെ കലാശിച്ചതേയുള്ളൂ. അവസാനം അദ്ദേഹം അല്പം നടക്കുന്നതിനായി തെരുവിലേയ്ക്കിറങ്ങി.

പള്ളിയിൽ അന്നു രാവിലെ പട്ടക്കാരനു വളരെ തിരക്കുമായ ജോലിയുണ്ടായിരുന്നു. പിറെറദിവസം മാസാദ്യവെള്ളിയാഴ്ചയായിരുന്നതിനാൽ അദ്ദേഹത്തിനു വളരെയാളുകളുടെ കുമ്പസ്സാരം കേൾപ്പാനുണ്ടായിരുന്നു. ഉച്ചകഴിഞ്ഞു അല്പം സൗകര്യമുള്ളതിനാൽ അപ്പോൾ മീനക്കാരിയെ കാണാമെന്നു അദ്ദേഹം സമാധാനിച്ചു. ഉച്ചക്കു് ഭക്ഷണത്തിനു

ചെന്നപ്പോൾ അതുവരെ ആസ്പത്രിയിൽനിന്നു ആരും വന്നിട്ടില്ലെന്നു മനസ്സിലാക്കി. വിശേഷമൊന്നുമില്ലായിരിക്കാമെന്നുവച്ച് അദ്ദേഹം സന്തോഷിച്ചു. അദ്ദേഹം ഊൺകഴിഞ്ഞു് ആസ്പത്രിക്കു് തിരിക്കാൻ ഭാവിക്കുമ്പോൾ പെട്ടെന്നവിടെ ഒരു കൊടുംകാറും മഴയുമുണ്ടായി. അദ്ദേഹം കുറെനേരം നോക്കി. കാറും മഴയും നില്ക്കുന്ന ലക്ഷണം കണ്ടില്ല. അതിനാൽ പോകേ നീക്കിവച്ചിട്ടു് അദ്ദേഹം പുസ്തകമെടുത്തു് വായിപ്പാൻ തുടങ്ങി. അപ്പോൾ മിസിസ് കോമ്പ്റ്റൻ തന്നെ ഉടനെ കാണമെന്നാഗ്രഹിക്കുന്ന വിവരം ശബ്ദവാഹിനിയന്ത്രംമൂലം അറിവായി. ഫാദർ മുള്ളറി ഉടൻതന്നെ പള്ളിയിൽചെന്നു ദിവ്യകാരുണ്യം, വിശുദ്ധ ലേപനം മുതലായവയെടുത്തുകൊണ്ടു് കാറും മഴയും വകവയ്ക്കാതെ ഓടിക്കേറി ആസ്പത്രിയിൽ എത്തി. സ്ഥാനസ്ഥൻ മുറിയുടെ വാതിലിന്മേൽ മുട്ടി. 'കടന്നുവരാം', എന്നു അകത്തുനിന്നു ഒരു ശബ്ദംകേട്ടു. അകത്തു രോഗിക്കരികിൽ യുവാവായ ഡോക്ടർ നിന്നിരുന്നു. അതു ബെർണാടു കോമ്പ്റ്റൻ അല്ലാതെ മറാരുമല്ലായിരുന്നുവെന്നു് അദ്ദേഹത്തിനു പിന്നീടാണു് മനസ്സിലായതു്. രോഗിണി, മനുഷ്യസാമർത്ഥ്യത്താൽ ഒരു വിധത്തിലും രക്ഷപ്പെടുകയില്ലെന്നുള്ള നിലയിൽ പാടിത്തളർന്നുകിടന്നു. ഫാദർ മുള്ളനിയെ കണ്ടപ്പോൾ അവരുടെ മുഖത്തു എന്തോ ഒരു പ്രകാശം വീണു.

"അച്ചാ എനിക്കു് ഒരു കത്തോലിക്കയായി മരിക്കണം." എന്നു അവർതന്നെ വിഷമിച്ചു പറഞ്ഞു. ആയച്ചനെ അവർ അച്ചാ എന്നു വിളിച്ചതുതന്നെ അന്നാണു്. ആത്മാവിൽ ഉജ്ജ്വലിച്ചിരുന്ന ആ ഗ്രഹത്തിന്റെ അഗ്നിയാൽ അവൾക്കു് ശക്തി വന്നുതുടങ്ങിയതുപോലെ തോന്നി. ഫാദർ മുള്ളനി അവരുടെ അടുക്കലേക്കു ചാഞ്ഞിരുന്നു. "അച്ചാ എനിക്കു് ഒരു വിശേഷമായ ദർശനം ഉണ്ടായി. അതാണു് ഞാൻ അങ്ങയെ അച്ചാ എന്നു വിളിച്ചതു്" എന്നു മെല്ലെ പറഞ്ഞു. "സാധുസ്ത്രീക്കു് സ്വബോധം ഇപ്പോഴായിത്തുടങ്ങി" എന്നു ഫാദർ മുള്ളനി മനസ്സിൽ വിചാരിച്ചു.

രോഗിണി:— കർത്താവായ ദൈവം കാറിലും മഴയിലും വരുന്നതു ഞാൻ കണ്ടു. അവിടന്നു എന്റെ അടുക്കലേക്കു വരികയായിരുന്നു. ഞാൻ ക്ഷമിച്ചു കാത്തുനിന്നു."

തന്റെ മഴനനഞ്ഞ കോലംകണ്ടിട്ടു അവൾക്കു് അങ്ങിനെ ഒരു വിചാരഗതി ഉണ്ടായതായിരിക്കാം എന്നു അദ്ദേഹത്തിനു തോന്നി. ഏതായാ

ദുഷ്ടജീവിതം അന്യരുടെ ജീവിതത്തെ ചിത്തയാക്കും.

ലും ആവശ്യപ്പെട്ട ശുശ്രൂഷകൾ അവൾക്കു ചെയ്യാൻ അദ്ദേഹം ഒരുമ്പെട്ടു.

അരമണിക്കൂർ കഴിഞ്ഞു് ഫാദർ മുള്ളനി അവിടംവിട്ടു പോയി. കോമ്പ്റ്റന്റെ മനസ്സുമാറാത്തിന്നു കോർഡലുടെ സംഭാഷണങ്ങൾ എത്രകണ്ടു സഹായിച്ചിരിക്കുമെന്നു ചോദിച്ചപ്പോൾ ആ പരിചാരിക ആ വിഷയത്തെക്കുറിച്ചു് സംസാരിക്കാറില്ലെന്നു മനസ്സിലായി. ഇതു ദൈവപ്രസാദത്തിന്റെ അത്ഭുതകരമായ വിജയംതന്നെ, ഒരു ദൈവത്തിനു സ്തോത്രം. "നാളത്തേക്കു് അവർ ഇതുണ്ടാൽ, ഞാൻ നാളെയും അവൾക്കു കുമ്പാനയെഴുന്നള്ളിച്ചുകൊണ്ടുവരും" എന്നുംപറഞ്ഞു് അദ്ദേഹം പോയി. പിറ്റേദിവസം രാവിലെ കോർഡൽ, പട്ടക്കാരനെ കണ്ടപ്പോൾ, അദ്ദേഹം വന്നപ്പോൾമുതൽ ദീനത്തിനു നിറക്കുറവൊന്നും അതെന്തൊരത്ഭുതമാണെന്നു ഡോക്ടർക്കു മനസ്സിലാകുന്നില്ലെന്നും അറിയിച്ചു. "അത്യത്ഭുതംതന്നെ" എന്നല്ലാതെ അദ്ദേഹം ഒന്നും മറുപടി പറഞ്ഞില്ല.

അടുത്തദിവസം കണ്ടപ്പോൾ അവൾക്കു വളരെ സുഖമായിരുന്നു. "എനിക്കു വളരെ സുഖമുണ്ടു്" എന്നു അവൾതന്നെ പറഞ്ഞുവെങ്കിലും പൂർണ്ണസുഖംവന്നിട്ടു കഥകൾ പറയാമെന്നും അല്പനേരം വിശ്രമിക്കണമെന്നും അദ്ദേഹം ഗ്രഹിപ്പിച്ചു. അതിനുശേഷം അദ്ദേഹം നിത്യം അവളെ സന്ദർശിച്ചു. ഒബർണാർഡുമായി വലിയ സ്നേഹമായി. അയാളേയും, അമ്മ ആസ്പത്രി വിട്ടുന്നതിനു മുമ്പുതന്നെ കത്തോലിക്കാ സഭയിലേക്കു സ്വീകരിച്ചു.

കുറെനാൾകഴിഞ്ഞു് ഫാദർ ഒരിക്കൽ ആ സ്ത്രീയുടെ ഗൃഹത്തിൽ പോയി. അന്നു് അവൾക്കു പൂർണ്ണസുഖമായിരുന്നു. അവിടെ ചെന്നപ്പോൾ മുമ്പിൽ ഒരു തിരുഹൃദയരൂപം തൂങ്ങുന്നതായിക്കണ്ടു.

പട്ടു:— നിങ്ങളുടെ ഭവനത്തെ തിരുഹൃദയത്തിനായി പ്രതിഷ്ഠിച്ചതിൽ എനിക്കു വളരെ സന്തോഷമുണ്ടു്.

കോമ്പ്റ്റൻ:— അച്ചാ, ആ രൂപം വളരെ വളരെ വർഷങ്ങളായി അവ' ടെയിരിക്കുന്നതാണു്.

പട്ടു:— നിങ്ങൾ ഒരു പ്രൊട്ടസ്റ്റാന്റായിരിക്കുമ്പോൾ തന്നെയോ?

കോമ്പ്റ്റൻ.— അതെ, അച്ചാ.

പട്ടു:— "എന്റെ തിരുഹൃദയരൂപത്തെ ബഹുമാനിക്കുന്ന വീടിനെ ഞാൻ അനുഗ്രഹിക്കും" എന്നാണു് ഈശോയുടെ വാഗ്ദാനം. നിങ്ങളുടെ അത്ഭുതകരമായ മാനസാന്തരത്തിന്റെ രഹസ്യം ഇതുതന്നെ.

"ചന്ദ്രിക"യ്ക്കു മംഗളം.

അന്നനടരീതി (കണ്ണംപവ്വം)

'കഥാവിധു' വിതുദിതീയമാംവയ-
സ്സിതാ ചിതാനന്ദം നയിച്ചസാദരം.
തൃതീയവത്സരം സദാ ജയിക്കണ-
മതീവ കൗതുകം വിധേ! ദയാനിധേ!
അശ്രുതിതീക്ഷ്ണം വിശ്രുതമാക്കണം
വിശ്രുതനേശ്രുതാനനാരതാശ്രയം
പരാപരനിശോ വരമരുളണേ
ചരണതാരിണ നമസ്കരിച്ചിടാം.
കരുണാവാരിധേ! മറിയമേ! തവ
തിരുക്കരുമാരനോടരുൾക നൽകുവാൻ
തിരുനാളല്ലയോ വിശ്രുത കന്യനി-
ന്നരുമ പുത്രനുംതരും വരം വരം.

(ടി. എം. വി.)

വി. കൊച്ചു ത്രേസ്യായുടെ തിരുനാൾ കത്തോലിക്കാസഭയിൽ ആകമാനം ഘോഷിക്കപ്പെടണമെന്ന ആലൈ ഫ്രാൻസ്-യിലത്തെ ഒരു കല്പനയിൽ റിത്തുകളുടെ തിരുസ്സംഘം പ്രഖ്യാപനം ചെയ്തിരിക്കുന്നു. ഈ ധന്യയുടെ വിശുദ്ധ ജീവിതത്തിന്റെ വ്യാപിയും അവിടുത്തെ മദ്ധ്യസ്ഥതമുഖാന്തിരം സാധിച്ചിട്ടുള്ള അത്ഭുതങ്ങളുംകൊണ്ടു ഈ പുണ്യവതിയെ ബഹുമാനിപ്പാനുള്ള താൽപര്യവും ഭക്തിയും ലോകമൊട്ടുക്കു വ്യാപിച്ചിട്ടുണ്ട്. അതിനാൽ അനവധി കുട്ടികളമ്മമാരുടേയും മെത്രാന്മാരുടേയും അപേക്ഷയനുസരിച്ച് ആ വിശുദ്ധയുടെ ബഹുമാനത്തിനായി നടത്തപ്പെടുന്ന കുർബാനയും കാനോനാ പ്രാർത്ഥനയും സഭയിൽ ആകമാനം നടത്തിക്കൊൾവാൻ പരിശുദ്ധപിതാവു തിരുമനസ്സുകൊണ്ടു കല്പിച്ചനുവദിച്ചിരിക്കുന്നു. പ്രസ്തുത തിരുനാൾ 'ട്വപ്പെക്സ് മീനോർ' എന്ന ക്രമത്തിൽ ഒക്ടോബർ രാംനു തോറുമാണ് കൊണ്ടാടുവാൻ തീർച്ചയാക്കിയിരിക്കുന്നതു്.

ആപത്തിൽ സഹായിക്കുന്നവനാണു യഥാർത്ഥ സ്നേഹിതൻ.

നൊവേനയും തിരുനാളും.

മൂക്കന്നൂർ തിരുഹൃദയ അനാഥശാലയിൽ കൊച്ചുത്രേസ്യാപുണ്യവതിയുടെ തിരുനാൾ സെപ്റ്റംബർ മാസം ൨൭-ാംനു-ക്കു കന്നി ൯-ാംനു ഞായറാഴ്ച ആഘോഷിക്കുന്നതാണെന്നും തിരുനാളിനു മുന്നോടിയായി സെപ്റ്റംബർ ൧൯-ാംനു-ക്കു കന്നി ൧-ാംനു ശനിയാഴ്ചമുതൽ നൊവേന നടത്തുമെന്നുമുള്ള വിവരം സന്തോഷസമേതം എല്ലാവരേയും അറിയിച്ചുകൊള്ളുന്നു. ഇതിനുംപുറമെ പുണ്യവതിയുടെ മരണദിനമായ സെപ്റ്റംബർ ൩൦-ാംനു-മുതൽ ഒരു ത്രിദിനജപവും നടത്തേണമെന്നും നിശ്ചയിച്ചിട്ടുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യ തന്റെ ഭക്തന്മാരുടെ അപേക്ഷകൾ കേട്ട് അവരുടെമേൽ റോസപ്പൂക്കളെ ധാരാളമായി വർഷിക്കുമാറാകട്ടെ!

ഉപകാരസ്മരണയും സംഭാവനകളും:—

അത്ഭുതപ്രവർത്തകയായ വിശുദ്ധ കൊച്ചുത്രേസ്യായെ, പാവപ്പെട്ട അനാഥപൈതങ്ങളായ ഞങ്ങളുടെ അപേക്ഷവഴിയായി അങ്ങേ ഭക്തന്മാർക്കു അനുനൂ നൽകുന്ന സകല സഹായങ്ങൾക്കായും ഞങ്ങൾ അങ്ങേക്കു പരസ്യമായി ഉപകാരസ്മരണ ചെയ്യുന്നു. മൂക്കന്നൂർ അനാഥപൈതങ്ങൾ—കൊച്ചുത്രേസ്യാപുണ്യവതിയുടെ സഹായത്താൽ കാണാതെപോയ വിലയേറിയ ഒരു മോതിരം കണ്ടുകിട്ടിയതിനു കൃതജ്ഞതയായി നൊവേനയിലെ നേർച്ച അനുസരിച്ചു ൨ ക. അയക്കുന്നു. മിസ്സസ്സ് മാത്യു പോമ്പോഴി, ചേർത്തല. വിശുദ്ധ കൊച്ചുത്രേസ്യായുടെ പ്രത്യേക സഹായംമൂലം ഒരുദ്ദിഷ്ടകാര്യസാദ്ധ്യമുണ്ടായതിനു കൃതജ്ഞത ൧ ക. ജി. വി. തോമസ്സ് ടിച്ചർ, പൂവരണി. അനാഥപൈതങ്ങളുടെ അപേക്ഷയാൽ 'ചെറുപുഷ്പ'ത്തിന്റെ മാദ്ധ്യസ്ഥംവഴി അപേക്ഷ സാധിച്ചതിനു നന്ദി ൧ ക. ചിറ്റാട്ടുകര പ്രൈമറി അപ്പർസ്കൂൾ, മൂക്കന്നൂർ. നീരുകൊണ്ടു കഷ്ടപ്പെടുന്ന എന്റെ കുട്ടിക്കുവേണ്ടിയും വിശുദ്ധ കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥതയിൽ ഒരു നൊവേന കഴിക്കണമെന്നാപേക്ഷ. ഏതാനും അനാഥക്കുട്ടികൾക്കു വസ്ത്രം വാങ്ങികൊടുപ്പാൻ ൩ ക. അയക്കുന്നു. ഒരു ഭക്തൻ, അയിരൂർ, തിരുവല്ല. സംഭാവന ൧ ക. മിസ്സ് തെക്കുമ്മ, കറുകച്ചാൽ. ൧ ക. മി: എം. ഒ. വക്കി കോളേജ്, ചങ്ങനാശ്ശേരി. വ. ണ. മി: എം. കെ. ജോസഫ്, കോളേജ്, എറണാകുളം. ൨ ണ. മി: പെരിഞ്ഞായി ജോസഫ്, അങ്കമാലി.

തിരുഹൃദയ അനാഥശാല മാനേജർ—മൂക്കന്നൂർ, അങ്കമാലി.

ഒരു സ്ത്രീ ൧൦൦-മൈൽ കാൽനടയായി തീർത്ഥയാത്ര പോയതു്.



ലൂർദിൽ ഇതിനിടെ തീർത്ഥയാത്രക്കായി വന്നിരുന്ന ഒരു വൃദ്ധ സ്ത്രീ ൧൦൦ മൈൽ കാൽനടയായി നടന്നായിരുന്നു അവിടെ എത്തിയതെന്നു കണ്ടപ്പോൾ അവർ പലരുടേയും ശ്രദ്ധക്കു വിഷയമായി.

തന്റെ കാലില്ലാത്ത ഭർത്താവിനെ ഒരു വണ്ടിയിൽ ഇരുത്തി ആ വണ്ടിയും വലിച്ചുകൊണ്ടായിരുന്നു ആ വൃദ്ധ ഈ മൈൽ എഴുനൂറും നടന്നതു്. സ്ലോട്ടേൽ എന്നു പേരായ അയാൾ ഒരു ചെരുപ്പുകുത്തി ആയിരുന്നു. ഭാര്യയാകട്ടെ ഒരു മിഠായിപ്പാണ്ടികശാലയിൽ ജോലിക്കാരിയും ആയിരുന്നു. സ്ലോട്ടലിനു പിടിപെട്ട അപകടകരമായ ദീനം സുഖപ്പെട്ടതിലേക്കുള്ള കൃതജ്ഞത കാണിപ്പാനാണു് ഈ തീർത്ഥയാത്ര നടത്തപ്പെട്ടതു്.

കുറച്ചുനാൾമുമ്പു അവരുടെ ഒരു കുട്ടി തിളച്ചവെള്ളം ഇരിക്കുന്ന ഒരു വലിയ പാത്രത്തിന്നടുത്തു കളിച്ചുകൊണ്ടിരുന്നു. ആ കുട്ടിയെ പിടിച്ചു മാറ്റുവാനായി അതിന്റെ അപ്പൻ മുന്നോട്ടുചെന്നു. എന്നാൽ അയാളുടെ ധൃതഗതിയിൽ പാത്രം തട്ടി മറിഞ്ഞുപോകയും അയാളുടെ കാലുകൾ എല്ലാം പൊള്ളി വെന്തുപോകയും ചെയ്തു. അതിനാൽ കാൽ മുറിച്ചുകളയേണ്ടതായി വന്നു. അയാൾ പ്രായേണ മരിക്കയേ ഉള്ളു എന്ന സ്ഥിതിയിലാകയും ചെയ്തു. അതിൽനിന്നു സുഖംകിട്ടിയാൽ തീർത്ഥയാത്ര ചെയ്യാമെന്നു രണ്ടുപേരുംകൂടി തീർച്ചയാക്കിയിരുന്നതിന്റെ ഫലമായിട്ടാണു് ഈ യാത്ര ഉണ്ടായതു്. വഴിനിളം ധർമ്മമെടുത്തു് കാലക്ഷേപം കഴിച്ചുകൊണ്ടാണു് അവർ പോയതു്. ഇടക്കു വണ്ടിയുടെ ചക്രത്തിന്നു കേടുപറ്റിയപ്പോൾ അതു നന്നാക്കേണ്ടതിലേക്കായി അവർ തന്റെ വിവാഹമോതിരംകൂടി വിറ്റുകളഞ്ഞു. ഇവരുടെ വിവരങ്ങൾ അറിഞ്ഞപ്പോൾ അവർക്കു തിരിയെ ലീൽ, വരെ ചെല്ലുവാനുള്ള വണ്ടിക്കൂലി ലൂർദിലുള്ള ഒരാൾ കൊടുത്തു. സ്വദേശത്തുനിന്നു ദിവസം പ്രതി മൈൽ വീതം നടന്നാൽ ൧൦ ദിവസംകൊണ്ടുമാത്രമേ അവർ ലൂർദിൽ എത്തുകയുള്ളു.

* * * *

ദൈവത്തോടു അടുക്കുംതോറും നമ്മൾ പരിശുദ്ധിയിൽ വർദ്ധിക്കുന്നു.

കൃതജ്ഞതാപ്രകാശനം.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ സഹായത്താൽ എനിക്കും എന്റെ സഹോദരിക്കും നേരിട്ട ചില അസ്വാപത്തുകളിൽനിന്നും അത്ഭുതകരമാംവണ്ണം രക്ഷപ്രാപിച്ചതിനു ഉപകാരസ്മരണയായി ഫ കു. അയക്കുന്നു.

എം. ജോസഫ്, തലയോലപ്പറമ്പു.

ഞാൻ അപേക്ഷിച്ച കാര്യം എളുപ്പത്തിൽ സാധിച്ചതന്നതിനു കൊച്ചുത്രേസ്യാ പുണ്യവതിയോടു എനിയ്ക്കുള്ള നന്ദി സൂചകമായി ഫ കു. അയക്കുന്നു. വിവരം ചന്ദ്രികയിൽ പരസ്യംചെയ്യാനപേക്ഷ. എം. പയ്യപ്പിള്ളി.

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ പ്രത്യേക കടാക്ഷത്താൽ ഉദ്ദിഷ്ട കാര്യം സാധിച്ചതിനു ഉപകാരസ്മരണയായി ഫ കു. അയക്കുന്നു.

പി. ജെ. കെ. ഏറണാകുളം.

വി. കൊച്ചുത്രേസ്യ പുണ്യവതിയുടെ സഹായത്താൽ ഒരു പ്രത്യേക കാര്യം സാധിച്ചതിനു നന്ദിയായി ഫ കു. അയക്കുന്നു.

കരീത്ര കുരുവിള ഔസേപ്പു, കുമ്പളം.

വി കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥത്താൽ ദീർഘനാളായി എന്റെ അനുജനെ ബാധിച്ചിരുന്ന തലവേദനയ്ക്കു ശമനം കണ്ടു തുടങ്ങിയതിനു ഉപകാരസ്മരണയായി ഫ കു അയക്കുന്നു. മാണി പൂണ്ടോളി, കോതമംഗലം.

വി. കൊച്ചുത്രേസ്യായുടെയും അമലോത്ഭവ മാതാവിന്റെയും മദ്ധ്യസ്ഥത്താൽ ഇക്കഴിഞ്ഞ ടെയിനിംഗ് പരീക്ഷയിൽ കത്തോലിക്കരെല്ലാവരും വിജയികളാകുന്നതിനും തദ്ദ്വാരാ ചങ്ങനാശേരി ജെ. എം. ടെയിനിംഗ് സ്കൂളിന് സംസ്ഥാനത്തിൽ പ്രഥമസ്ഥാനം ലഭിക്കുന്നതിനും ഇടയായതിൽ കൃതജ്ഞതാപ്രകാശനം, ഫ കു. ടി. എം. വറുഗീസ്.

വി. കൊച്ചുത്രേസ്യായുടെ മദ്ധ്യസ്ഥതയാൽ ഒരാളുടെ സുഖക്കേടു മാറിയതിനും എനിക്കു ജോലി കിട്ടിയതിനും നന്ദിയായും, ഉദ്ദിഷ്ടകാര്യം സാധിക്കുന്നതിനു വേണ്ടിയും ആകെ ൧൦ കു. അയക്കുന്നു പി. ജെ. എം. വടക്കൻ പറവൂർ.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ സുഖക്കേടു ഭേദമായതിന് നന്ദിയായി ഫ കു. അയക്കുന്നു. മിസ്സസ് കുരുവിള, മംഗലി.



എറണാകുളം അതിരൂപതയുടെ മഹാ വന്ദ്യ ദിവ്യ ശ്രീ കണ്ടത്തിൽ മാർ ആഗ്രസ്തീനോസു മെത്രാപ്പോലീത്താ തിരുമനസ്സിലെ അംഗീകരണം സിദ്ധിച്ചിട്ടുള്ളതും വരാപ്പുഴ അതിരൂപതയിലും ഇൻഡ്യയിൽ പലെ രൂപതകളിലും ഉപയോഗിച്ചുവരുന്നതുമായ "മെറും" കുബ്ബാനവീഞ്ഞു് താഴെ കാണുന്ന മേൽവിലാസത്തിൽ എപ്പോൾ ആവശ്യപ്പെട്ടാലും തയാറുണ്ടു്.

എറണാകുളത്തുനിന്നു തിരുവിതാംകൂർ അതിർത്തിയിലുള്ള പള്ളികളിലേക്കോ തിരുവിതാംകൂർ അതിർത്തി കടത്തി കൊച്ചി അതിർത്തിയിലുള്ള പള്ളികളിലേക്കോ വീഞ്ഞു് കൊണ്ടുപോകുന്നതിനു വേണ്ടിവരുന്ന രാഹദാരികൾ ആവശ്യക്കാരുടെ ചിലവിന്മേൽ ഞങ്ങൾ നേരിട്ടു അപേക്ഷിച്ചു വരുത്തിക്കൊടുക്കുന്നതാണു്.

വില കുപ്പി ഫ്രീ ഉ. കു. മാത്രം.

ഫ്രൗൺ-മുതൽ ഇതേവരെ ക്രമമായ വിധത്തിലും മിതമായ വിലയ്ക്കും പള്ളികളിലേക്കു് വീഞ്ഞു കൊടുത്തുവരുന്ന ഞങ്ങളെ യഥാശക്തി സഹായിപ്പാറാവണം.

മെസ്സേഴ്സ് വളവി ആറ[illegible]
വൈൻ കച്ചവടക്കാർ—എറണാകുളം.

വിലപ്പരം കൊണ്ടുള്ള എല്ലാത്തരം സാമാനങ്ങളും കാലോചിതമായ രീതിയിൽ പണിചെയ്തുകൊടുപ്പാനും പണിതു തയ്യാർചെയ്തിട്ടുള്ളതു് മിതമായ വിലക്കു വില്പാനും ഞങ്ങളുടെ വക്കു്ഷോപ്പിൽ എപ്പോഴും തയാറുണ്ടു്. എല്ലാത്തരം ആഘോഷങ്ങൾക്കും, കല്യാണ അടിയന്തിരത്തിനും പറ്റിയ സമയങ്ങൾക്കുള്ള വിവിധ സാമാനങ്ങൾ ആച്ചുകൾ, മണിക്കോലു മുതലായവ കൂലിക്കു കൊടുപ്പാനും ഞങ്ങൾ തയ്യാർ ചെയ്തിരിക്കുന്നു. പലെമഹാന്മാരും ഉപയോഗിച്ചു അവരുടെ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ള ഞങ്ങളുടെ ആച്ചും മണിക്കോലും മാന്യമഹാജനങ്ങൾ ഒന്നു പരീക്ഷിച്ചു നോക്കുവിൻ.

സി. ഡി. ആഗസ്തിൻ & ബ്രദേഴ്സ്
റയിൽവെ റോഡു്—എറണാകുളം

നിതാന

"കഥാചന്ദ്രിക" യുടെ വരിസംഖ്യ.

കൊല്ലത്തിൽ ക. വ്യ ണ. ഒറ്റപ്രതിയ്ക്കു ക. ണ. ന്യ പൈ.

ആറു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂറ അടയ്ക്കാതെയുള്ള അപേക്ഷകൾ സ്വീകരിയ്ക്കുന്നതല്ല.

മാനേജിങ്ങ് എഡിറ്റർ, "കഥാചന്ദ്രിക"
മെത്രാപ്പോലീത്തൻപള്ളി, എറണാകുളം.

THE LITTLE FLOWER PRESS
AND
CATHOLIC DEPOT.

"പൊറപ്പുഷ്പ മുദ്രാലയം"; കാത്തലിക്ക് ഡിപ്പൊ
ഇരിങ്ങാലക്കുട.

ഭംഗിയായ വേല. മിതമായ നിരക്ക്.

പ്രസ്തുത പ്രസ്സിൽ മലയാളം, ഇംഗ്ലിഷ്, തമിഴ് എന്നീ ഭാഷകളിലുള്ള എല്ലാത്തരം അച്ചടി വേലകളും ഭംഗിയായും കൃത്യമായും ചെയ്യാൻ എപ്പോഴും തയാർ.

ബയൻറിങ്ങ്, റൂളിങ്ങ് മുതലായ പണികളും ചുരുങ്ങിയ നിരക്കിലും വിശേഷ തരത്തിലും ചെയ്തുകൊടുക്കുന്നതാണ്.

മാനേജർ, "പൊറപ്പുഷ്പ മുദ്രാലയം",
ഇരിങ്ങാലക്കുട.



പലേ കീർത്തിമുദ്രകളും
വിശേഷാംഗലകളും ലഭിച്ചിട്ടുള്ള
[illegible] ആർട്ട് സൺസ്
ഐ. എസ്. പ്രസ്സ് റോഡ്,

സകലവിധ അർത്ഥാരൂപണികൾ, ചിത്രവര, റോട്ടോ വലുതാക്കൽ, കൊത്തുരൂപങ്ങൾ (മരത്തിലും മണ്ണിലും ഓടിലും) ചെയ്തുകൊടുക്കാൻ തയ്യാർ. സ്വാഭാവിക വർണ്ണങ്ങൾ, വിശിഷ്ട തങ്കവേല, ജീവതുല്യമായ വളരെ കണ്ണുകൾ.

കേരളത്തിലെ മെത്രാന്മാരാൽ അംഗീകരിക്കപ്പെട്ട പുരാതന രീതിയിൽക്കാതെ പ്രോത്സാഹിപ്പിക്കുവിൻ മിതമായ നിരക്ക്—മേൽത്തരം പണി.

Printed and published by Rev. Jacob Nad[illegible] at the
"Mar Louis Memorial" Press -